2023
JUNE
02
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



ഇടനിലക്കാർക്ക് വൻ തിരിച്ചടി

## വരുന്നൂ, ഒരു ലക്ഷം കോടിയുടെ ഭക്ഷ്യധാന്യ സംഭരണ കേന്ദ്രം

**ന്യൂഡൽഹി:** സഹകരണ മേഖലയിൽ ഭക്ഷ്യധാന്യ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഒരു ലക്ഷം കോടി രൂപ മാറ്റി വയ്ക്കും. കാർഷിക സഹകരണ സംഘങ്ങൾക്കു കീഴിൽ 2000 ടൺ വരെ ശേഷിയുള്ള സംഭരണ കേന്ദ്രങ്ങളാണു സ്ഥാപിക്കുക. ഇതുവഴി രാജ്യത്തിന്റെ ഭക്ഷ്യധാന്യ സംഭരണശേഷിയിൽ 700 ലക്ഷം ടണ്ണിന്റെ വർധനയാണു ലക്ഷ്യമിടുന്നത്.

സഹകരണ മേഖലയ്ക്കു കീഴിൽ ലോകത്തിലെ ഏറ്റവും വലിയ സംഭരണ ശൃംഖലയായി ഇതു മാറുമെന്ന് കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ പറഞ്ഞു. ഒരു ലക്ഷത്തിലധികം കാർഷിക സഹകരണ സംഘങ്ങൾ രാജ്യത്തുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗത്തിലാണു തീരുമാനം. വിളകൾ കേടുകൂടാതെ സൂക്ഷിക്കാൻ ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുന്ന സംഭരണ കേന്ദ്രങ്ങൾ കർഷകരെ സഹായിക്കും.

## സ്റ്റാർട്ടപ്പുകളിൽ നിന്ന് സർക്കാർ 3 കോടിയുടെ ഉൽപന്നങ്ങൾ വാങ്ങും

**തിരുവനന്തപുരം:** കേരള സ്റ്റാർട്ടപ് മിഷനിൽ (കെഎസ്!യുഎം) റജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളിൽ നിന്നു സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉൽപന്നങ്ങളും സേവനങ്ങളും വാങ്ങുന്നതിനുള്ള പരിധി 3 കോടി രൂപയായി വർധിപ്പിച്ചു. നേരത്തെ ഇത് ഒരു കോടി രൂപയായിരുന്നു. ഇതുവരെ ഐടി മേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം ഇനി ഐടി ഇതര മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്കും ലഭ്യമാകും.

പരിധി വർധിപ്പിക്കുന്നതിലൂടെ സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള നൂതന സാങ്കേതിക ഉൽപന്നങ്ങളും സേവനങ്ങളും എല്ലാ സർക്കാർ വകുപ്പുകൾക്കും ഉപയോഗിക്കാനാകും. കൃഷി, തദ്ദേശസ്വയംഭരണം, ആരോഗ്യം, ടൂറിസം തുടങ്ങി സംസ്ഥാന സർക്കാരിനു കീഴിലുള്ള 49 വകുപ്പുകൾക്കും ആയിരത്തിലധികം ഉപസ്ഥാപനങ്ങൾക്കും ഉത്തരവ് ബാധകമാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നു കേരളത്തിലെത്തുന്ന സ്റ്റാർട്ടപ്പുകൾക്കും ഇതുവഴി സർക്കാർ ആനുകൂല്യം ലഭ്യമാകും.

# ജിഡിപി വളർച്ചാ നിരക്ക് 7.2%; കുതിപ്പ്

- ജിഡിപി വളർച്ച നിരക്ക് 7.2%, നാലാംപാദത്തിൽ 6.1% വളർച്ച
- കാർഷിക മേഖലയിൽ മികച്ച വളർച്ച, ഉൽപാദന മേഖലയും മുന്നോട്ട്

ന്യൂഡൽഹി: റിസർവ് ബാങ്കിന്റെയടക്കം അനുമാനങ്ങളെ മറികടന്ന് ഇന്ത്യയുടെ സാമ്പത്തിക വളർച്ചാനിരക്കിൽ കുതിപ്പ്. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിന്റെ നാലാം പാദത്തിൽ( ജനുവരി മാർച്ച്) വളർച്ചാനിരക്ക് 6.1% ആയി. കഴിഞ്ഞ വർഷത്തെ ആകെ ജിഡിപി വളർച്ചാനിരക്ക് ഇതോടെ 7.2% ആയി. 7% കൈവരിക്കുമെന്നായിരുന്നു കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയത്തിന്റെയും റിസർവ് ബാങ്കിന്റെയും അനുമാനം. 2021 22ലെ വളർച്ചാനിരക്ക് 9.1% ആയിരുന്നു.



ജനുവരി മാർച്ച് കാലയളവിലെ വളർച്ചാനിരക്ക് 4.1 ശതമാനത്തിനും 5.7നും ഇടയിലായിരിക്കുമെന്ന പ്രവചനങ്ങളെ മറികടന്നാണ് വളർച്ച 6.1 ശതമാനത്തിലെത്തിയത്. 5.1% ആയിരുന്നു ആർബിഐയുടെ പ്രവചനം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിസർച്ചിന്റേത് 5.5 ശതമാനവും. ചൈനയുടെ ഇതേ കാലയളവിലെ വളർച്ചാനിരക്ക് 4.5% മാത്രമാണ്. മുൻ സാമ്പത്തികവർഷം ഇതേ കാലയളവിൽ ഇന്ത്യയുടെ നിരക്ക് 4% ആയിരുന്നു. ഇക്കഴിഞ്ഞ ഒക്ടോബർ ഡിസംബർ കാലയളവിൽ വളർച്ചാനിരക്ക് 4.5 ശതമാനവും.

കൃഷി അടക്കമുള്ള മിക്ക മേഖലകളും മികച്ച വളർച്ചാനിരക്കു രേഖപ്പെടുത്തിയപ്പോഴ?ും തകർച്ചയിലായിരുന്നത് ഉൽപാദനമേഖലയാണ്. മൂന്നാം പാദത്തിൽ 1.4% ഇടിവ് രേഖപ്പെടുത്തിയ ഉൽപാദനമേഖല ഇത്തവണ ഭേദപ്പെട്ട തിരിച്ചുവരവാണ് നടത്തിയത്. നാലാം പാദത്തിൽ 4.5% വളർച്ച രേഖപ്പെടുത്തി. എന്നാൽ സാമ്പത്തിക വർഷമാകെയുള്ള പ്രകടനം കണക്കാക്കിയാൽ മുൻ വർഷത്തെ അപേക്ഷിച്ച് (11.1%) ഇത്തവണത്തെ നിരക്ക് 1.3% മാത്രമാണ്. മൂന്നാം പാദത്തിൽ കാർഷിക മേഖലയുടെ വ?ളർച്ച 3.7 ശതമാനമായിരുന്നത് ഇത്തവണ 5.5% ആയി ഉയർന്നു. കെട്ടിടനിർമാണ രംഗത്തും ഉണർവുണ്ടായി. 8.3% എന്ന നിരക്ക് 10.4 ആയി ഉയർന്നു. ഖനനം, റിയൽ എസ്റ്റേറ്റ്, ധനകാര്യ സേവനങ്ങൾ എന്നിവയിലും മെച്ചപ്പെട്ട വളർച്ച രേഖപ്പെടുത്തി.

2022,23 സാമ്പത്തിക വർഷം രാജ്യത്തെ ധനക്കമ്മി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 6.4 ശതമാനത്തിലൊതുങ്ങി. സർക്കാർ ലക്ഷ്യം വച്ച അതേ തോതിലാണ്. മുൻവർഷത്തെ 6.7 ശതമാനത്തിൽ നിന്ന് 6.4 ആക്കി ധനക്കമ്മി ചുരുക്കാനാണ് കേന്ദ്രം പരിശ്രമിക്കുന്നതെന്ന് ബജറ്റിൽ വ്യക്തമാക്കിയിരുന്നു. 17.33 ലക്ഷം കോടി രൂപയാണ് ധനക്കമ്മി. 2025, 26ൽ ധനക്കമ്മി 4.5% ആയി കുറയ്ക്കുകയാണ് ലക്ഷ്യം. നടപ്പു സാമ്പത്തികവർഷം 5.9 ശതമാനമാണ് ലക്ഷ്യം. സർക്കാരിന്റെ മൊത്ത ചെലവും വായ്പ ഒഴികെയുള്ള മൊത്ത വരുമാനവും തമ്മിലുള്ള അന്തരമാണ് ധനക്കമ്മി.






# മാലിന്യമുക്ത കേരളത്തിനായി എല്ലാ വകുപ്പുകളും ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കും: മന്ത്രി കെ രാജൻ

**ഒല്ലൂക്കര:** മാലിന്യമുക്ത കേരളം പദ്ധതിയുടെയും മഴക്കാലപൂർവ്വ മുന്നൊരുക്കത്തിന്റെയും ഭാഗമായി എല്ലാ വകുപ്പുകളും ചേർന്നുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഒല്ലൂർ നിയോജക മണ്ഡലത്തിലെ മാലിന്യമുക്ത കേരളം പദ്ധതിയുടെയും മഴക്കാലപൂർവ്വ മുന്നൊരുക്കത്തിന്റെയും ഡെങ്കിപനി പ്രതിരോധ പ്രവർത്തനങ്ങളുടെയും അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളുടെയും അടിയന്തര യോഗം ചേരണമെന്നും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡുകളിൽ ശുചിത്വ സമിതി ചേർന്ന് ശുചീകരണം നടത്തണമെന്നും മന്ത്രി നിർദേശിച്ചു. ചിരട്ടകളിൽ പോലും വെള്ളം കെട്ടി നിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. കിണറുകളിലെ ക്ലോറിനേഷൻ ഉറപ്പാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഡുകളിലെ ശുചിത്വ സമിതികളുടെ പ്രവർത്തനത്തിന് ഫണ്ട് ഉറപ്പു വരുത്തണം. മാലിന്യനിർമാർജ്ജനത്തിന് വേണ്ട പടപടികൾ സ്വീകരിക്കണം. ശുദ്ധജലം ഉറപ്പാക്കണം. തൊഴിലുറപ്പ് തൊഴിലാളികൾക്ക് എലിപ്പനി ഉൾപ്പെടെയുള്ളവയ്ക്ക് പ്രതിരോധ മരുന്നുകൾ ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

പി ഡബ്ലിയു ഡി, എൽ എസ് ജി ഡി വകുപ്പുകൾ കാനകൾ വൃത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. കൃഷി വകുപ്പ് കൃഷിയിടങ്ങളിൽ കൊതുക് വളരാനുള്ള സാഹചര്യം ഇല്ലെന്ന് ഉറപ്പാക്കണം. വളർത്തുമൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ നൽകണം. ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാംപുകളുള്ള സ്ഥലങ്ങൾ ലേബർ വകുപ്പ് ഉദ്യോഗസ്ഥർ അടിയന്തിരമായി കണ്ടെത്തി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് റിപ്പോർട്ട് ചെയ്യണം. ആവശ്യമെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാംപുകളിൽ മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കണം. പൊതുയിടങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കാനുള്ള ശ്രമമുണ്ടായാൽ പൊലീസ് നടപടിയെടുക്കണമെന്നും മന്ത്രി യോഗത്തിൽ പറഞ്ഞു.

യോഗത്തിൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ആർ രവി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വിദ്യാഭ്യാസരംഗം മാറുന്നു : മന്ത്രി കെ രാധാകൃഷ്ണൻ

**ചേലക്കര:** സംസ്ഥാന സർക്കാർ ഏഴു വർഷത്തിനുള്ളിൽ 3800 കോടി രൂപ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ചെലവഴിച്ചതായും കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വിദ്യാഭ്യാസരംഗം ഗുണപരമായി മാറുകയാണെന്നും ദേവസ്വം, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ പാർലമെന്ററികാര്യ മന്ത്രി കെ രാധാകൃഷ്ണൻ. ചേലക്കര ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാതല പ്രവേശനോത്സവവും ഒന്നര കോടി രൂപ ചെലവിൽ നിർമ്മിച്ച പുതിയ എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രവേശനോത്സവം എല്ലാ കുട്ടികളും സന്തോഷത്തോടെ സ്കൂളിലേക്ക് വരാൻ ഇടയാക്കി. ഏഴ് വർഷം കൊണ്ട് സ്കൂളുകളുടെ ഭൗതിക  സാഹചര്യം മെച്ചപ്പെടുത്തിയതോടെ വിജയ ശതമാനം ഉയർന്നു. ഡിജിറ്റൽ സൗകര്യങ്ങൾ ഇപ്പോൾ എല്ലാ സ്കൂളുകളിലുമുണ്ടെന്നും മന്ത്രി പറഞ്ഞു.

സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കെതിരെ പ്രവർത്തിക്കാൻ കഴിയുന്ന മേഖലയാണ് വിദ്യാഭ്യാസ മേഖല. മദ്യവും മയക്കുമരുന്നും പോലുള്ള തിന്മകൾക്കെതിരെ ഏറ്റവും നന്നായി പ്രവർത്തിക്കാൻ സ്കൂളുകൾക്ക് കഴിയും. വിദ്യാഭ്യാസം വഴി നല്ലൊരു സമൂഹസൃഷ്ടി സാധ്യമാകണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

എസ് എസ് കെ സ്പെഷ്യൽ അധ്യാപകരുടെ നേതൃത്വത്തിൽ മുരുകൻ കാട്ടാക്കട എഴുതിയ പ്രവേശനോത്സവം ഗീതം ആലപിച്ചു. വർണ്ണങ്ങൾ വാരി വിതറി, കുട്ടികളെ അക്ഷര കിരീടങ്ങൾ നൽകി ആനയിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

ചേലക്കര ജി. എൽ. പി.സ്കൂളിൽ ക്ലാസ്സ് മുറികൾ, ടോയ്‌ലറ്റ് , കിച്ചൻ എന്നിവ അടക്കം ഒന്നരക്കോടി രൂപ ചിലവിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി കെ. രാധാകൃഷ്ണൻ നിർവഹിച്ചു.

പൊതുമരാമത്ത് എക്സിക്യുട്ടിവ് എഞ്ചിനീയർ ബിജി കെ. വി. റിപ്പോർട്ട് അവതരിപ്പിച്ചു. സ്കൂൾ പണിത കോൺട്രാക്ടർ നാരായണ പിഷാരടിയെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

പ്രതിഭകൾക്കുള്ള ആദരം ഇൻറർനാഷനൽ ട്രിപ്പിൾ ജംപറായ എൻ വി ഷീന, ഗോൾഡ് മെഡൽ ജേതാവ് ആൻസ് മരിയ മാത്യൂ, സ്റ്റെപ്പ്സ് സംസ്ഥാന വിജയി കെ വി അശ്വിൻ, ടാലന്റ് സർച്ച് വിജയി എം എസ് അർജുൻ എന്നിവർക്ക് മന്ത്രി സമ്മാനിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷനായ ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ എം അഷറഫ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എം കെ പത്മജ, ജില്ലാ പഞ്ചായത്ത് അംഗം കെ ആർ മായ ടീച്ചർ, ബ്ലോക്ക് ഉപാധ്യക്ഷ പി പ്രശാന്തി, പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ പി ശ്രീജയൻ, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ബസന്ത് ലാൽ, ചേലക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച് ഷലീൽ, ചേലക്കര പഞ്ചായത്ത് അംഗങ്ങളായ ജാനകി ടീച്ചർ, ടി ഗോപാലകൃഷ്ണൻ, തൃശൂർ എഡി ലിസി ജോസഫ്, കൈറ്റ് ജില്ലാ കോർഡിനേറ്റർ അഷറഫ് എം, ചാവക്കാട് ഡിഇഒ അജിത കുമാരി, വടക്കാഞ്ചേരി എഇഒ മൊയ്തീൻ എ, ചേലക്കര എസ് എം ടി ജി എച്ച് എസ് എസ് പ്രിൻസിപ്പൽ സുനിത എൻ, മുൻ പ്രധാനാധ്യാപിക പി ജി ശോഭന എന്നിവർ ആശംസകൾ നേർന്നു.

ഡിഡിഇ ഇൻചാർജ് എസ് ഷാജി സ്വാഗതവും ഹെഡ്മിസ്ട്രസ്സ് കെ കെ സുമ നന്ദിയും പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട് :** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് മെറിറ്റ് അവാർഡ് നൽകുന്നതിന് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് അപേക്ഷ ക്ഷണിച്ചു. ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ 2 വർഷം പൂർത്തിയാക്കിയ അംഗങ്ങൾക്ക് അപേക്ഷിക്കാം. അപേക്ഷ അനുബന്ധ രേഖകൾ സഹിതം ജൂലൈ 15 ന് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്, രണ്ടാം നില, ചക്കോരത്ത്കുളം, വെസ്റ്റ്ഹിൽ പി.ഒ, കോഴിക്കോട്673005 വിലാസത്തിൽ സമർപ്പിക്കണം. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും www.kmtboard.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ 0495 2966577.

## അധ്യാപകരെ നിയമിക്കുന്നു

**കോക്കൂർ:** ഗവ.ടെക്നിക്കൽ ഹൈസ്കൂളിലേക്ക് എച്ച്.എസ്.എ മാത്തമാറ്റിക്സ്, എച്ച്.എസ്.എ സോഷ്യൽ സയൻസ് എന്നീ തസ്തികകളിലേക്ക്
അധ്യാപകരെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്, കെ.ടെറ്റ് എന്നിവയാണ് അടിസ്ഥാന യോഗ്യത. യോഗ്യതയുള്ളവർ അസ്സൽ രേഖകളും പകർപ്പും സഹിതം ജൂലൈ അഞ്ചിന് രാവിലെ പത്ത് മണിക്ക് ഓഫീസിൽ എത്തണം .ഫോൺ :04942651971, 9400006487.

## ജില്ലാ യുവ ഉത്സവ് 2023മത്സരങ്ങളിൽ പങ്കെടുക്കാം

**തൃശ്ശൂർ:** ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര യുവജന കാര്യകായിക മന്ത്രാലയം ദേശാവ്യാപകമായി സംഘടിപ്പിക്കുന്ന ദേശീയ യുവ ഉത്സവത്തിന്റെ ജില്ലാതല യുവ ഉത്സവം ജൂൺ 5ന് തൃശ്ശൂർ വിമല കോളേജിൽ നടക്കും.

നെഹ്റു യുവകേന്ദ്രയുടെയും നാഷണൽ സർവീസ് സ്കീമിന്റെയും ആമുഖ്യത്തിൽ ജലച്ചായം, കവിതാരചന, പ്രസംഗം മൊബൈൽ ഫോട്ടോഗ്രാഫി, നാടോടി സംഘനൃത്തം എന്നീ അഞ്ച് മത്സര ഇനങ്ങളാണ് സംഘടിപ്പിക്കുന്നത്.

തൃശ്ശൂർ ജില്ലയിൽ താമസ മേൽവിലാസമുള്ള 2023 ഏപ്രിൽ ഒന്നിന് 15നും 29 നും മധ്യപ്രായമുള്ളവർക്ക് പങ്കെടുക്കാം. വിജയികൾക്ക് സമ്മാനത്തുകയോടൊപ്പം പ്രശസ്തിപത്രവും ഉപഹാരവും ലഭിക്കും.

ഒന്നും രണ്ടും സ്ഥാനക്കാർക്ക് സംസ്ഥാന ദേശീയ യുവത്സവങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരവും ലഭിക്കും. പരിപാടിയുടെ ഭാഗമായി എക്സിബിഷൻ, തനതു നാടൻ കലകൾ, അർജുന നൃത്തം, ഒരാൾ ഒരേസമയം നിരവധി വ്യക്തികളുമായുള്ള ചെസ് മത്സരം, വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ജില്ലാ കളക്ടറുമായി മുഖാമുഖം എന്നിവയും ഉണ്ടാകും.
രജിസ്ട്രേഷനും വിവരങ്ങൾക്കും: 79077 64873, 9567835171.












ഷിഫാന കരിം, അപർണ സന്തോഷ്, അജ്മി ഫാത്തിമ എം.എ, ജെസ്നബീവി ടി.ജെ, റിൻസാ മോൾ കെ.എം, വിശാഖ് ബാബു, ശ്രീക്കുട്ടി എം.എൻ, അയിഷ നസ്റാ സി.എസ്, സിദ്ധാർഥ് വിജയൻ, രാഹുൽ രഘു

# എംജി സർവ്വകലാശാല: റാങ്കുകൾ വാരിക്കൂട്ടി കെ എം എം കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ്

**കൊച്ചി:**എംജി സർവ്വകലാശാലയുടെ ഈ വർഷത്തെ യു.ജി പരീക്ഷകളിൽ റാങ്കുകൾ വാരിക്കൂട്ടി എറണാകുളം,തൃക്കാക്കര, കെ . എം .എം . കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ് ,ബിഎസ്.സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ കോഴ്സിൽ ആദ്യ ഏഴു റാങ്കുകളും ബിഎസ് സി കംപ്യൂട്ടർ സയൻസിൽ മൂന്നാം റാങ്കും ബിഎസ്,സി മാത്തമാറ്റിക്സിൽ പത്താറാങ്കും കോളജ് കരസ്ഥമാക്കി.

ബിഎസ് സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈനിൽ കോളജിലെ ഷിഫാന കരിമിനാണ് ഒന്നാം റാങ്ക്,അപർണ സന്തോഷ് രണ്ടാം റാങ്കും അജ്മി ഫാത്തിമ എം.എ,ജെസ്നബീവി ടി.ജെ എന്നിവർ മൂന്നാം റാങ്കും,റിൻസാ മോൾ കെ.എം നാലാം റാങ്കും,വിശാഖ് ബാബു അഞ്ചാം റാങ്കും,ശ്രീക്കുട്ടി എം.എൻ ആറാം റാങ്കും,അയിഷ നസ്രസി.എസ് ഏഴാം റാങ്കും നേടി.

ബിഎസ് സി കംപ്യൂട്ടർ സയൻസ് വിഭാഗത്തിൽ രാഹുൽ രഘു മൂന്നാം റാങ്കും, ബിഎസ്,സി മാത്തമാറ്റിക്സ് വിഭാഗത്തിൽ സിദ്ധാർഥ് വിജയൻ പത്താം റാങ്കും നേടി

# വിഴിഞ്ഞത്തെ ബാർജുകളും ടഗ്ഗുകളും കൊല്ലത്ത്

**കൊല്ലം:** വിഴിഞ്ഞം തുറമുഖ നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്ന അദാനി ഗ്രൂപ്പിന്റെ ബാർജുകളും ടഗ്ഗുകളും കൊല്ലം തുറമുഖത്തേക്ക്. കാലവർഷം ആരംഭിക്കുന്നതോടെ കടൽ പ്രക്ഷുബ്ധമാവുകയും നിർമാണം തടസ്സപ്പെടുകയും ചെയ്യുമെന്നതിനാലാണ് ഇവ കൊല്ലത്തേക്ക് മാറ്റുന്നത്. കഴിഞ്ഞ ദിവസം 3 യാനങ്ങൾ എത്തി. പുറംകടലിൽ നങ്കൂരമിട്ടിരുന്ന ഒരു യാനം കൂടി ഇന്നലെ ഉച്ചകഴിഞ്ഞ് തുറമുഖത്തെത്തി. ഇന്ന് ഒരു ടഗ് കൂടി എത്തും. അടുത്ത ദിവസങ്ങളിൽ കൂടുതൽ ടഗ്ഗുകൾ എത്തിച്ചേരും.

രണ്ടു മാസത്തോളം കൊല്ലം തുറമുഖം ടഗ്ഗുകളുടെയും ബാർജുകളുടെയും വർക്ഷോപ് ആയി മാറുകയാണ്. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഓഗസ്റ്റിൽ ആയിരിക്കും ഇവ വിഴിഞ്ഞത്തേക്ക് മടങ്ങുന്നത്. കഴിഞ്ഞ ദിവസം എത്തിയ യാനങ്ങളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചു. കൊച്ചിയിൽ നിന്ന് ഇരുപതിലേറെ വിദഗ്ധർ എത്തിച്ചേർന്നിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ നിർമാണത്തിൽ ഏർപ്പെട്ടിരുന്ന 14 ടഗ്ഗുകളും ബാർജുകളും കഴിഞ്ഞ വർഷവും കൊല്ലം തുറമുഖത്ത് നങ്കൂരമിട്ടാണ് അറ്റകുറ്റപ്പണി നടത്തിയത്. അറ്റകുറ്റപ്പണി നടത്താൻ അനുയോജ്യമായ തുറമുഖമാണ് കൊല്ലം എന്നാണ് വിലയിരുത്തൽ. കഴിഞ്ഞ വർഷം യാനങ്ങൾ നങ്കൂരമിട്ട ഇനത്തിൽ ഒരു കോടി രൂപയിലേറെ തുറമുഖത്തിനു ലഭിച്ചിരുന്നു. സത്യം ഷിപ്പിങ് ആൻഡ് ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ ആണ് യാനങ്ങൾ എത്തുന്നത്.

## പ്ലാസ്റ്റിക് പുനഃചംക്രമണ ഫാക്ടറി: നിർമാണം വിലയിരുത്താൻ സംഘമെത്തി

**കുന്നന്താനം** കിൻഫ്രാ പാർക്കിലെ ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക്ക് പുന:ചംക്രമണ ഫാക്ടറി നിർമാണ പ്രവർത്തനം ക്ലീൻ കേരള കമ്പനി പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾ, കേരള ഇലക്ട്രിക്കൽസ് ഉദ്യോഗസ്ഥർ എന്നിവർ വിലയിരുത്തുന്നു.

കുന്നന്താനം ന്ന കിൻഫ്രാ പാർക്കിൽ ജില്ലാ പഞ്ചായത്തും ക്ലീൻ കേരള കമ്പനിയും ചേർന്നു നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് പുനഃചംക്രമണ ഫാക്ടറി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പ്രവർത്തനക്ഷമമാക്കുമെന്ന് അധികൃതർ.റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായുള്ള പദ്ധതി നവംബറിൽ കമ്മിഷൻ ചെയ്യുന്നതിനാണു വിഭാവനം ചെയ്തിരിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ നിർമല ഗ്രാമം നിർമല നഗരം നിർമല ജില്ല എന്ന പദ്ധതിയോടനുബന്ധിച്ച് അടിയന്തരമായി പൂർത്തീകരിക്കണമെന്ന ജില്ലാ പഞ്ചായത്ത് നിർദ്ദേശം പരിഗണിച്ചു ക്ലീൻ കേരള കമ്പനി പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾ, നിർമാണം ഏറ്റെടുത്തിരിക്കുന്ന കേരള ഇലക്ട്രിക്കൽസ് ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ വിലയിരുത്തി. തദ്ദേശസ്ഥാപനങ്ങളിലെ ഹരിതകർമസേന ശേഖരിക്കുന്ന തരംതിരിച്ച വൃത്തിയുള്ള പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ പുന:ചംക്രമണം ചെയ്ത് തരികളാക്കി പ്ലാസ്റ്റിക് നിർമാതാക്കൾക്ക് നൽകുന്നതാണ് പദ്ധതി.

ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷൻ ജിജി മാത്യു, അംഗം സി.കെ. ലതാകുമാരി, കുന്നന്താനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീദേവി സതീഷ്ബാബു, ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ ജി.കെ. സുരേഷ്കുമാർ, പ്രൊജക്ട് ഓഫിസർ ശ്രീജിത്ത്, ജില്ലാ മാനേജർ എം.ബി. ദിലീപ്കുമാർ, കെൽ എൻജിനീയർ സജിത്ത്കുമാർ, കോൺട്രാക്ടർ മൂസ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് എത്തിയത്.



# വിദ്യാഭ്യാസ രംഗത്തെ കേരള മോഡൽ ലോകത്തിന് മാതൃക: മന്ത്രി റോഷി അഗസ്റ്റിൻ

**ഇടുക്കി:** വിദ്യാഭ്യാസ രംഗത്തെ കേരള മോഡൽ ലോകത്തിന് തന്നെ മാതൃകയെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. സ്കൂൾ പ്രവേശനോത്സവത്തിന്റെ ജില്ലാതല ഉദ്ഘാടനം പണിക്കൻകുടി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് പൊതുവിദ്യാഭ്യസ രംഗത്ത് വലിയ തോതിൽ മാറ്റമുണ്ടായി. വിദ്യാഭ്യാസ മേഖലയിലെ സർക്കാർ ഇടപെടലുകൾ ശ്രദ്ധേയമാണ്. സാമൂഹിക തുല്യത, സമൂഹത്തിന്റെ സമഗ്രവികസനം തുടങ്ങി വികസിത രാജ്യങ്ങളുടെ സൂചികകൾ വച്ച് പരിശോധിച്ചാൽ പോലും കേരള മോഡൽ വിദ്യാഭ്യാസ രംഗത്ത് വരുത്തിയ മാറ്റങ്ങൾ മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. സാക്ഷരതയിൽ നാം കൈവരിച്ച നേട്ടം പിന്നീട് പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ തോതിലുള്ള മാറ്റങ്ങൾക്ക് വഴിതെളിച്ചു. പ്രാഥമിക തലം മുതൽ ഹയർ സെക്കൻഡറി തലം വരെ വിദ്യാർഥികൾക്ക് തുടർച്ചയായി വിദ്യാഭ്യാസം നൽകാൻ സാധിക്കുന്ന അന്തരീക്ഷം സംസ്ഥാനത്തുണ്ട്. ഈ അധ്യയനവർഷം 45 ലക്ഷത്തിലധികം കുട്ടികളാണ് സംസ്ഥാനത്തെ സ്കൂളുകളിൽ പ്രവേശനം നേടിയത്. ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാനും ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകാനും സർക്കാർഎയ്ഡഡ് വിദ്യാലയങ്ങൾക്ക് സാധിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പണിക്കൻകുടി ഗവ.ഹയർ സെക്കൻഡറി സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ ഹൈടെക്ക് കെട്ടിടം ഈ വർഷം തന്നെ നിർമിക്കുമെന്നും മന്ത്രി ഉറപ്പു നൽകി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മൂന്ന് കോടി രൂപ പുതിയ സ്കൂൾ കെട്ടിടത്തിന് നേരത്തെ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി മന്ത്രി റോഷി അഗസ്റ്റിൻ 20 ലക്ഷം രൂപയും ചടങ്ങിൽ പ്രഖ്യാപിച്ചു.

അഡ്വ. ഡീൻ കുര്യാക്കോസ് എം.പി മുഖ്യ പ്രഭാഷണം നടത്തി. നാടിന്റെ സാമൂഹികസാംസ്കാരിക രംഗത്തെ പുരോഗതിയിൽ നിർണായക പങ്കുവഹിക്കുന്ന സ്ഥാപനങ്ങളാണ് വിദ്യാലയങ്ങളെന്ന് അദ്ദേഹം പറഞ്ഞു. പണിക്കൻകുടി ഗവ.ഹയർ സെക്കൻഡറി സ്കൂളിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് എം.പി ഫണ്ടിൽ നിന്ന് 5 ലക്ഷം രൂപ അനുവദിച്ചതായും എം.പി പ്രഖ്യാപിച്ചു.

സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നതിന്റെ ഓൺലൈൻ സംപ്രേഷണവും സ്കൂളിൽ ഒരുക്കിയിരുന്നു. എസ് എസ് എൽ സി, പ്ലസ് ടു ക്ലാസുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് അനുമോദനവും ജിജോ ബേബി മെമ്മോറിയൽ എൻഡോവ്മെന്റ് വിതരണവും ചടങ്ങിൽ നടത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി ബിനു അധ്യക്ഷത വഹിച്ചു. അടിമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സോമൻ ചെല്ലപ്പൻ, കൊന്നത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമ്യ റനീഷ്, ജില്ലാ പഞ്ചായത്ത് അംഗം ഷൈനി സജി, കൊന്നത്തടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.പി മൽക്ക, ത്രിതല പഞ്ചായത്ത് അംഗങ്ങളായ സനില രാജേന്ദ്രൻ, അച്ചാമ്മ ജോയി, സി.കെ പ്രസാദ്, മേരി ജോർജ്, ജോബി കുന്നക്കാട്ട്, റാണി പോൾസൺ, സ്വാഗത സംഘം ചെയർമാൻ എൻ.വി ബേബി, വിദ്യാകിരണം ജില്ലാ കോ ഓർഡിനേറ്റർ ബിനുമോൻ കെ.എ, അടിമാലി എ ഇ ഒ ഗീത സി.ആർ, ബി ആർ സി അടിമാലി ബ്ലോക്ക് പ്രോഗ്രാം കോ ഓർഡിനേറ്റർ ഷാജി തോമസ്, പി.ടി.എ പ്രസിഡന്റ് മനോജ് എൻ.എം എന്നിവർ സന്നിഹിതരായിരുന്നു. ജില്ലാ വിവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സി.കെ ജയശ്രീ സ്വാഗതവും പണിക്കൻകുടി ജി എച്ച് എസ് എസ് പ്രിൻസിപ്പൽ പി.എം കണ്ണൻ നന്ദിയും പറഞ്ഞു.

# ക്ഷീരകർഷകർക്ക് സാമ്പത്തിക സാമൂഹിക സുരക്ഷിതത്വം ഉറപ്പ് വരുത്തും: മന്ത്രി ജെ.ചിഞ്ചുറാണി

**തിരുവനന്തപുരം:** സുസ്ഥിരക്ഷീര വികസനത്തിലൂടെ ക്ഷീര കർഷകർക്ക് സാമ്പത്തിക, സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുമെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. കോവളം വെള്ളാർ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിൽ നടന്ന ലോക ക്ഷീരദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചു റാണി വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. ഫാസ്റ്റ് ഫുഡിന്റെയും ജങ്ക് ഫുഡിന്റെയും കാലത്ത് പോഷകങ്ങളുടെ കലവറയായ പാലിന്റേയും പാലുത്പന്നങ്ങളുടെയും പ്രാധാന്യം മറക്കുകയാണെന്നും പാലിന് ഒരു സുസ്ഥിരവിപണിയുള്ളതിനാൽ കർഷകർക്ക് മാന്യമായ വരുമാനം സാധ്യമാകുന്നുവെന്നും മന്ത്രി പറഞ്ഞു. ആഗോള സമീകൃത ഭക്ഷണമെന്ന നിലയിൽ പാലിന്റെ പ്രാധാന്യം വിളിച്ചോതുക, ക്ഷീരവൃത്തി ആസ്വാദ്യകരമാക്കുക എന്നതാണ് ക്ഷീര ദിനാചരണത്തിലൂടെ ഉദ്ദേശിക്കുന്നത്. പ്രകൃതിയെ നോവിക്കാതെ മികച്ച പോഷണവും ഉത്തമ ജീവനോപാധിയും പാലിലൂടെ ലഭ്യമാക്കുക എന്നതാണ് ഈ വർഷത്തെ ക്ഷീരദിനത്തിന്റെ സന്ദേശം.

എം. വിൻസെന്റ് എം.എൽ.എ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ക്ഷീര ദിനാചരണത്തോടനുബന്ധിച്ച് പാലും പോഷക സുരക്ഷയും എന്ന വിഷയത്തിൽ സെമിനാറും സാങ്കേതിക ശില്പശാലയും നടന്നു. സ്റ്റേറ്റ് ഡയറി ലാബിന്റെ ബ്രോഷർ പ്രകാശനം എം.വിൻസെന്റ് എം.എൽ.എ നിർവഹിച്ചു. ക്ഷീര സംഘങ്ങളിലെ മികച്ച പ്രൊക്യൂർമെന്റ് അസിസ്റ്റന്റിനുള്ള സംസ്ഥാന പുരസ്കാരം എറണാകുളം ജില്ലയിലെ കറുകപ്പിള്ളി സംഘത്തിലെ കെ.കെ സൗദാമിനി എം.എൽ.എയിൽ നിന്നും, മികച്ച ലാബ് അസിസ്റ്റന്റിനുള്ള പുരസ്കാരം കാസർഗോഡ് ജില്ലയിലെ കാലിച്ചാമരം ക്ഷീരസംഘത്തിലെ ബാലാമണി മിൽമ ചെയർമാൻ കെ.എസ് മണിയിൽ നിന്നും ഏറ്റുവാങ്ങി. ക്ഷീര ദിനാചരണത്തിന്റെ ഭാഗമായി ക്ഷീര വികസനവകുപ്പ് സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. കേരള ക്ഷീരകർഷക ക്ഷേമ നിധി, ക്ഷീര സുരക്ഷാ ധനസഹായം കൊല്ലം ജില്ലാ നല്ലില ക്ഷീര സംഘത്തിലെ ഷംസുദീന് കൈമാറി. ക്ഷീരവികസനവകുപ്പിന്റെ അനുബന്ധസ്ഥാപനങ്ങളായ മിൽമ, ക്ഷീരസഹകരണ സംഘങ്ങൾ, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ്, കേരള ഫീഡ്സ്, എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികളും നടന്നു.

ക്ഷീര വികസന വകുപ്പ് ഡയറക്ടർ ഡോ.എ.കൗശിഗൻ, സ്റ്റേറ്റ് ഡയറി ലാബ് ജോയിന്റ് ഡയറക്ടർ ബിന്ദുമോൻ പി.പി, കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ വി.പി ഉണ്ണികൃഷ്ണൻ, ജനപ്രതിനിധികൾ, ക്ഷീര സഹകരണ സംഘാംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു



# വേനൽ മഴ: സംസ്ഥാനത്ത് ഏറ്റവും കുറവ് കാസർകോട്ട്; കേരളത്തിൽ ഇത്തവണ 34 ശതമാനം കുറവ്

**കാസർകോട് :** മാർച്ച് മുതൽ മേയ് വരെയുള്ള വേനൽ മഴ അവസാനിക്കുമ്പോൾ സംസ്ഥാനത്ത് ഏറ്റവും കുറവ് മഴ ലഭിച്ചത് കാസർകോട് ജില്ലയിൽ. മഴ കൂടുതൽ ലഭിച്ച പ്രദേശങ്ങളുടെ പട്ടികയിൽ വടക്കൻ മലബാറിലെ മലയോര മേഖലകൾ പോലുമില്ല. മധ്യ തെക്കൻ ജില്ലകളിൽ വേനൽ മഴ കഴിഞ്ഞ ദിവസങ്ങളിലും തകർത്തു പെയ്യുമ്പോൾ കാർമേഘങ്ങളുടെ താഴെ കനത്ത ചൂടിൽ വെന്തുരുകുകയായിരുന്നു വടക്കൻ മലബാർ. കാസർകോട് ശരാശരി 263.1 മില്ലിമീറ്റർ മഴ ലഭിച്ചിരുന്ന സ്ഥാനത്ത് ഈ വേനലിൽ ലഭിച്ചത് 76 മില്ലിമീറ്റർ മാത്രം. സാധാരണ ലഭിക്കേണ്ട മഴയുടെ 29 % മാത്രമാണ് ഇക്കുറി ലഭിച്ചത്. ഇപ്പോഴും ജില്ലയിലെ പല മേഖലകളിലും കുടിവെള്ള പ്രശ്നം തുടരുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 117.2 മില്ലിമീറ്റർ മാത്രവുമാണു ലഭിച്ചത്.

പത്തനംതിട്ടയിൽ മാത്രമാണ് വേനൽമഴ ഇത്തവണ സാധാരണ തോതിൽ ലഭിച്ചത്. 3 ജില്ലകളിൽ മഴയുടെ അളവ് 60 ശതമാനത്തിലേറെ കുറഞ്ഞു. സംസ്ഥാന തലത്തിൽ 359.1 മില്ലിമീറ്റർ മഴ ലഭിച്ചിരുന്ന സ്ഥാനത്ത് 236.4 മില്ലിമീറ്റർ മഴയാണു ലഭിച്ചത്. 34 % കുറവ്. പത്തനംതിട്ട ജില്ലയിൽ മഴയുടെ അളവിൽ 6 % വർധനയുണ്ട്. കാസർകോട് 71 %, മലപ്പുറം 61 %, കോഴിക്കോട് 60 %, കണ്ണൂർ 55 % , തൃശൂർ 55 % എന്നിങ്ങനെയാണ് വിവിധ ജില്ലകളിൽ മഴക്കുറവ്. 558.4 മില്ലിമീറ്റർ മഴ ലഭിച്ച പത്തനംതിട്ട ജില്ലയിലാണ് കൂടുതൽ, കോട്ടയത്ത് 343.7 മില്ലിമീറ്ററും.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഈ മാസം 10 വരെ ശുദ്ധ ജലവിതരണം നടത്താൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ കലക്ടർ കെ. ഇമ്പശേഖർ ഉത്തരവിട്ടു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തനത് / വികസന ഫണ്ടിൽ നിന്ന് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ശുദ്ധജല വിതരണത്തിന് കലക്ടർ അനുമതി നൽകിയത്. നേരത്തേ മേയ് 31 വരെയായിരുന്നു ശുദ്ധ ജല വിതരണത്തിന് അനുമതി നൽകിയിരുന്നത്.

# ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് എസ്.വി. ഭാട്ടി ചുമതലയേറ്റു

കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സരസ വെങ്കടനാരായണ ഭാട്ടി സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. ജസ്റ്റിസ് എസ്.വി. ഭാട്ടിയെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിച്ചുകൊണ്ടുള്ള രാഷ്ട്രപതിയുടെ ഉത്തരവ് ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് ചടങ്ങിൽ വായിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും ചടങ്ങിൽ സന്നിഹിതനായിരുന്നു.

രാജ്ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ പി. രാജീവ്, കെ.എൻ. ബാലഗോപാൽ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ബിനോയ് വിശ്വം എംപി, ഹൈക്കോടതി ജഡ്ജിമാരായ ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് അമിത് റാവൽ, ജസ്റ്റിസ് അനു ശിവരാമൻ, ജസ്റ്റിസ് മേരി ജോസഫ്, ജസ്റ്റിസ് പി. സോമരാജൻ, ജസ്റ്റിസ് സി.എസ്. ഡയസ്, ജസ്റ്റിസ് ബെച്ചു കുര്യൻ ജോസഫ്, ജസ്റ്റിസ് പി. ഗോപിനാഥ്, ജസ്റ്റിസ് വിജു എബ്രഹാം, ജസ്റ്റിസ് ബസന്ത് ബാലാജി, ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ജെ. ചലമേശ്വർ, ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ്, സംസ്ഥാന പൊലീസ് മേധാവി അനിൽ കാന്ത്, അഡിഷണൽ ചീഫ് സെക്രട്ടറിമാരായ ഡോ. വി. വേണു, ശാരദ മുരളീധരൻ, എ.ജി.ഡി.പി. അജിത് കുമാർ, മുഖ്യ വിവരാവകാശ കമ്മീഷണർ ഡോ. വിശ്വാസ് മേത്ത, നിയമ സെക്രട്ടറി വി. ഹരിനായർ, ചീഫ് ജസ്റ്റിസിന്റെ കുടുംബാംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.




# റവന്യൂ ഡിവിഷണൽ ഓഫീസ് ഉദ്ഘാടനം മന്ത്രി നിർവ്വഹിച്ചു

**തൃശൂർ:** റവന്യൂ ഡിവിഷൻ ഓഫീസിന്റെയും സബ് കലക്ടറുടെ പുതിയ ഓഫീസ് കെട്ടിടത്തിന്റെയും ഉദ്ഘാടനം റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ നിർവ്വഹിച്ചു. റവന്യൂ ഡിവിഷണൽ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന തിരക്കുകൾ ഒഴിവാക്കാൻ ഓൺലൈൻ നടപടിക്രമങ്ങളുൾപ്പെടെയുള്ള ശ്രമങ്ങൾ സർക്കാർ നടത്തി വരികയാണെന്ന് മന്ത്രി പറഞ്ഞു. കൂടുതൽ ജീവനക്കാരെയും സൗകര്യങ്ങളെയും സാധ്യതകളെയും ഉപയോഗപ്പെടുത്തി അതിനെ ലഘൂകരിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട വലിയ പ്രവർത്തനങ്ങളാണ് റവന്യൂ ഡിവിഷണൽ ഓഫീസിൽ നടക്കുന്നത്. സീനിയർ സിറ്റിസൺ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുന്ന ഉത്തരവാദിത്തവും റവന്യൂ ഡിവിഷണൽ ഓഫീസിലുണ്ട്. ജില്ലയിൽ നേരത്തെയുണ്ടായിരുന്ന ആർഡി ഓഫീസിന് സ്ഥല പരിമിധി വലിയ പ്രശ്നമായിരുന്നു. ഇതുമൂലം ജനങ്ങൾക്ക് ഉദ്യോഗസ്ഥരെ കാണാൻ കഴിയാത്ത അവസ്ഥയുമുണ്ടായിരുന്നു. ഇതിനെയെല്ലാം മറികടന്ന് സൗകര്യപ്രദമായ രീതിയിൽ കാര്യക്ഷമമായി പ്രവർത്തിക്കാനാണ് പുതിയ ഓഫീസ് ലക്ഷ്യം വെയ്ക്കുന്നതെന്നും മന്ത്രി പറഞ്ഞു.

കലക്ട്രേറ്റിലെ ഒന്നാം നിലയിൽ പ്രവർത്തിച്ചിരുന്ന പോലീസ് സൂപ്രണ്ട് ഓഫീസിലാണ് റവന്യൂ ഡിവിഷണൽ ഓഫീസ് പ്രവർത്തനമാരംഭിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവീസ് മാസ്റ്റർ, ജില്ലാ കലക്ടർ വി ആർ കൃഷ്ണ തേജ, എഡിഎം ടി മുരളി, സബ് കലക്ടർ മുഹമ്മദ് ഷഫീഖ്, അസി. കലക്ടർ വി എം ജയകൃഷ്ണൻ, ഡെപ്യൂട്ടി കലക്ടർ എം സി ജ്യോതി, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കെ. ഫോൺ ഉദ്ഘാടനം ജൂൺ 5ന്; ജില്ലയിൽ വിപുലമായി നടത്തും

**കൊച്ചി:** കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെ ഫോൺ ) ഉദ്ഘാടനം ജില്ലയിൽ വിപുലമായി നടത്താൻ തീരുമാനം. ജില്ലയിലെ 14 നിയോജകമണ്ഡലങ്ങളിൽ നടത്തുന്ന ഉദ്ഘാടന പരിപാടികളുടെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. കെ ഫോണിന്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ അഞ്ചിന് വൈകിട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. അന്ന് വൈകിട്ട് മൂന്നിന് സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഉദ്ഘാടന ചടങ്ങുകൾ സംഘടിപ്പിക്കും.എംഎൽഎമാരായ ടി.ജെ വിനോദ്, കെ.ജെ മാക്സി, പി. വി ശ്രീനിജൻ, എ.ഡി.എം എസ്.ഷാജഹാൻ, തദ്ദേശ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാർ, സെക്രട്ടറിമാർ, കെ ഫോൺ ജില്ലാ കോഓഡിനേറ്റർ സി.പി വാസുദേവൻ തുടങ്ങിയവർ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.കളമശ്ശേരി: കുസാറ്റ് ഓപ്പൺ എയർ ഓഡിറ്റോറിയം,പറവൂർ: ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ നോർത്ത് പറവൂർ, വൈപ്പിൻ:ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ എടവനക്കാട്, കൊച്ചി: ഗവൺമെന്റ് യുപി സ്കൂൾ കുമ്പളങ്ങി, തൃപ്പൂണിത്തുറ: എസ്എൻഡിപി ഹയർ സെക്കൻഡറി സ്കൂൾ ഉദയംപേരൂർ, എറണാകുളം: ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, അങ്കമാലി: ശ്രീ ശങ്കര കോളേജ് കാലടി, ആലുവ: മുൻസിപ്പൽ ഓഫീസ് ആലുവ, പെരുമ്പാവൂർ : ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പെരുമ്പാവൂർ, കുന്നത്തുനാട്: ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ പുത്തൻകുരിശ്, പിറവം :സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ പിറവം, മൂവാറ്റുപുഴ: ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂൾ മൂവാറ്റുപുഴ, കോതമംഗലം: ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മാതിരപ്പിള്ളി, തൃക്കാക്കര: മണ്ഡലത്തിൽ മോഡൽ എൻജിനീയറിങ് കോളേജ് തൃക്കാക്കര എന്നിവടങ്ങളിലാണ് ജില്ലയിൽ മണ്ഡലതല ഉദ്ഘാടനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യവുമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കെഫോൺ. സംസ്ഥാനത്തുടനീളം സുശക്തമായ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്നതിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 14000 ഭവനങ്ങളിലേക്കും 30,000 ത്തിൽപരം ഓഫീസുകളിലേക്കുമാണ് അതിവേഗ ഇന്റർനെറ്റ് കണക്ഷൻ വ്യാപിക്കുന്നത്.

# എട്ട് ഗിന്നസ് ലോക റെക്കോഡുകളുമായി ശിവ് നാരായൺ ജ്യൂവലേഴ്സ്




**കൊച്ചി:** എട്ട് ഗിന്നസ് വേൾഡ് റെക്കോഡുകളെന്ന ചരിത്ര നേട്ടവുമായി ഹൈദരാബാദിലെ ശിവ് നാരായൺ ജ്യൂവലേഴ്സ്. ഹൈദരാബാദിലെ താജ് ഫലക്നുമ പാലസിൽ നടന്ന വിജയാഘോഷത്തിൽ ബോളിവുഡ് ഫാഷൻ ഐക്കണായ ദിഷാ പഠാനിയടക്കമുള്ളർ പങ്കെടുത്തു. ശിവ് നാരായന്റെ ആഭരണങ്ങൾ അണിഞ്ഞാണ് ദിഷ റാംപിലെത്തിയത്. ഏറ്റവുമധികം തൂക്കമുള്ള ആഭരണം, ഏറ്റവുമധികം വജ്രങ്ങൾ പതിച്ച പതക്കം, ഏറ്റവും തൂക്കമുള്ള വജ്രപതക്കം, ഏറ്റവുമധികം മരതകം പതിച്ച നെക്ക്ലേസ് തുടങ്ങിയ വിഭാഗങ്ങളിലെ റെക്കോഡുകളാണ് ശിവ് നാരായൺ സ്വന്തമാക്കിയതെന്ന് ശിവ് നാരായൺ ജ്യൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ തുഷാർ അഗർവാൾവാൾ പറഞ്ഞു.ഗിന്നസ് ചരിത്ര നേട്ടം തങ്ങളുടെ സംഘത്തിന്റെ സമർപ്പണത്തിനും കഠിനാധ്വാനത്തിനുമുള്ള ആഗോള തലത്തിലുള്ള അംഗീകാരമാണെന്നും അദ്ദേഹം പറഞ്ഞു.1011. 150 ഗ്രാം തൂക്കമുള്ള ഗണേശ പെൻഡന്റ്, 1681.820 ഗ്രാമുള്ള റാം ദർബാർ, ഏഴു പാളികളുള്ള സത്‌ലദ നെക്ക്ലേസ് തുടങ്ങിയവയാണ് റെക്കോഡുകൾക്കർഹമായ ആഭരണങ്ങൾ. റെക്കോഡിനർഹമായ ആഭരണങ്ങൾ ആഘോഷ വേദിയിൽ പ്രദർശിപ്പിച്ചു.ഹൈദരാബാദ് നിസാമായിരുന്ന മിർ ഒസ്മാൻ അലി ഖാന്റെ ആസ്ഥാന ആഭരണ നിർമാതാവായിരുന്ന സേഠ് ശ്രീ ശിവ് നാരായൺജിയാണ് ശിവ് നാരായൺ കമ്പനി സ്ഥാപിച്ചത്. കമാൽ കിഷോർ അഗർവാളാണ് നിലവിലെ ചെയർമാൻ.രാജകീയാഭരണങ്ങളും മരതകാഭരണങ്ങളുമാണ് രാജ് നാരായൺ ജ്യൂവലേഴ്സിന്റെ സവിശേഷത.

# വിഗാർഡിന് 7.6 ശതമാനം വരുമാന വർധന

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2022-23 സാമ്പത്തിക വർഷം നാലാം പാദത്തിൽ 1140.14 കോടി രൂപയുടെ സംയോജിത വരുമാനം നേടി. മുൻ വർഷം ഇതേ കാലയളവിലെ 1059.17 കോടി രൂപയിൽ നിന്ന് 7.6 ശതമാനം വർധന രേഖപ്പെടുത്തി. സംയോജിത അറ്റാദായം 52.73 കോടി രൂപയാണ്. മുൻ വർഷം ഇതേകാലയളവിൽ 89.58 കോടി രൂപയായിരുന്നു.2023 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ സംയോജിത പ്രവർത്തന വരുമാനം 4126.04 കോടി രൂപയാണ്. മുൻ വർഷത്തെ 3500.19 കോടി രൂപയിൽ നിന്നും 17.9 ശതമാനം വളർച്ച നേടി. 202223 സാമ്പത്തിക വർഷം കമ്പനിയുടെ സംയോജിത അറ്റാദായം 189.05 കോടി രൂപയാണ്. മുൻവർഷം ഇത് 228.44 കോടി രൂപയായിരുന്നു.ഇലക്ട്രോണിക്സ്, ഡ്യൂറബിൾസ് വിഭാഗങ്ങളിൽ ശക്തമായ വളർച്ചയാണ് പോയ സാമ്പത്തിക വർഷം നേടിയതെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പിള്ളി പറഞ്ഞു. സുപ്രധാന വിഭാഗങ്ങളിൽ സുസ്ഥിര വളർച്ചയുണ്ട്. കമ്പനിയുടെ മൊത്തം വരുമാനത്തിന്റെ 45 ശതമാനവും വടക്കൻ മേഖലകളിൽ നിന്നാണ്. ഈ മേഖലയിൽ 26 ശതമാനം വളർച്ച കൈവരിച്ചു. ഇൻപുട്ട് ചെലവുകളിൽ നേരിയ തോതിലുണ്ടായ കുറവിന്റെ ഫലമായി മാർജിനുകളിൽ പുരോഗതിയുണ്ട്. ഭാവിയിൽ കൂടുതൽ മെച്ചപ്പെടുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. നാലാം പാദത്തിൽ സൺഫ്ലെയിം ഏറ്റെടുക്കലും സിമോൺ ലയനവും പൂർത്തിയാക്കി. ബിസിനസ് സംയോജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

# വീടുശുചിത്വത്തിന്റെ പ്രാധാന്യം ; പഠനവുമായി ലൈസോൾ




**കൊച്ചി:** അണുനാശിനി ബ്രാൻഡായ ലൈസോളും ഇന്ത്യയിലെ മുൻനിര സർക്കാർ ഗവേഷണ ഏജൻസിയായ കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (ഇടകഞ) സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (കഏകആ)യും ഇന്ത്യയിലെ വീടുകളിൽ രോഗാണുക്കളുടെയും സൂക്ഷ്മാണുക്കളുടെയും സാന്നിധ്യം വിശകലനം ചെയ്യാൻ നടത്തിയ പഠനത്തിൽ വീടുകളുടെ തറകളിൽ പലതരം രോഗാണുക്കളുണ്ടെന്ന് കണ്ടെത്തി.പല മുറികളിലും തറയിൽ എസ്ഷെറിച്ചിയ കോലി, മൊറാക്സെല്ല എസ്പിപി, ബ്രെവുണ്ടിമോണസ് എസ്പിപി, അസിനെറ്റോബാക്റ്റർ എസ്പിപി എന്നിങ്ങനെ രോഗങ്ങൾ പരത്തുന്ന അണുക്കളെ കണ്ടെത്തി. വീടുകളിലെ പല പ്രതലങ്ങളിലും 1000ലധികം തരം ബാക്ടീരിയകളും 200 തരം വൈറസുകളും ഉണ്ടെന്നും ഗവേഷണം വെളിപ്പെടുത്തി. കണ്ടെത്തിയ അണുക്കൾ വയറിളക്കം പോലുള്ള രോഗങ്ങൾക്കും ത്വക്ക് രോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മുഖക്കുരു, നേത്രരോഗങ്ങൾ, രക്തത്തിലെ അണുബാധകൾ എന്നിവക്ക് കാരണമാകു ന്നവയാണ്. പഠനത്തിൽ കണ്ടെത്തിയ അണുക്കൾ ചില രോഗങ്ങൾക്ക്കാരണ മാകുമെന്ന് അറിയപ്പെടുന്നതാണ്, അതിനാൽ വീടുകൾ വൃത്തിയുള്ളതും അണുവിമുക്തവുമായി സൂക്ഷിക്കേണ്ട ആവശ്യകത എടുത്തുകാട്ടുന്നതാണ് പഠനമെന്ന് ഇടകഞകഏകആ ലെ ചീഫ് സയന്റിസ്റ്റായ ഡോ. രാകേഷ് ശർമ്മ പറഞ്ഞു.സാധാരണ പ്രതിവിധികളേക്കാൾ മികച്ച അണുനാശം നൽകുന്ന ക്ലീനിംഗ് സൊല്യൂഷനുകൾ ഉപയോഗിച്ച് മികച്ച ക്ലീനിംഗ്, അണുനാശിനി ശീലങ്ങൾ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം വളർത്തുകയും ബോധവത്കരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യമെന്ന് റെക്കിറ്റ് സൗത്ത് ഏഷ്യ ഹൈജീൻ വിഭാഗം റീജിയണൽ മാർക്കറ്റിംഗ് ഡയറക്ടർ സൗരഭ് ജെയിൻ പറഞ്ഞു.

# ഡിജിറ്റൽ ഫാഷൻ കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡുമായി മിന്ത്രയും കൊടക് മഹീന്ദ്ര ബാങ്കും

**കൊച്ചി:** ഓൺലൈൻ ഫാഷൻ വിപണി ഒരു പുതുപുത്തൻ അനുഭവത്തിന് തുടക്കംകുറിക്കാൻ മിന്ത്രയും കൊടക് മഹീന്ദ്ര ബാങ്കും. കൊടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ് ('കെ എം ബി എൽ'/കൊടക് ) ഇന്ത്യയിലെ പ്രമുഖ ഫാഷൻ, സൗന്ദര്യ, ലൈഫ്സ്റ്റൈൽ വേദിയായ മിന്ത്രയുമായുള്ള സഹകരണത്തിലൂടെ ഇന്ത്യയിൽ തന്നെ ആദ്യത്തെ കോബ്രാൻഡഡ് ഡിജിറ്റൽ ഫാഷൻ ആന്റ് ലൈഫ്സ്റ്റൈൽ ക്രെഡിറ്റ് കാർഡ് പുറത്തിറക്കി.ഒട്ടനവധി ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്ന കോബ്രാൻഡഡ് മിന്ത്ര ക്രെഡിറ്റ് കാർഡ് പരിധികളില്ലാത്ത ഇടപാടുകളിലൂടെ ഫാഷൻ തൽപ്പരരായ ഉപഭോക്താക്കളെ തങ്ങൾ മുടക്കുന്ന പണത്തിന് ഏറെ മൂല്യം ലഭിക്കുന്ന തരത്തിൽ ശാക്തീകരിക്കാൻ പോകുകയാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. മിനിട്ടുകൾ മാത്രം നീണ്ടുനിൽക്കുന്ന, തടസ്സങ്ങൾ ഇല്ലാത്ത ഒരു ഡിജിറ്റൽ യാത്രയിലൂടെ മിന്ത്ര, കൊടക് മൊബൈൽ ആപ്ലിക്കേഷനുകളിലൂടെ ഈ കാർഡ് നേടിയെടുക്കാം. മിന്ത്രയുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് മിന്ത്ര ആപ്പിലൂടെ തന്നെ പൂർണ്ണമായും ഡിജിറ്റലായ ഒരു പ്രക്രിയയിലൂടെ കാർഡിന് അപേക്ഷിക്കാൻ കഴിയുമെന്നും മാസ്റ്റർ കാർഡ്, റുപേ എന്നീ ശൃംഖലകളിലൂടെ കൊടക് മിന്ത്ര ക്രെഡിറ്റ് കാർഡ് ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



## കൊച്ചി നഗരത്തിലെ ഓടകൾ അടിയന്തിരമായി ശുചീകരിക്കണം

**കൊച്ചി:** മഴക്കാലമാകുന്നതിന് മുൻപ് തന്നെ കൊച്ചി നഗരത്തിലെ ഓടകൾ ശുചീകരിച്ച് ഓടയിലെ തടസങ്ങൾ നീക്കണമെന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. നിലവിൽ ഓടകളിലെല്ലാം പ്ലാസ്റ്റിക് മാലിന്യങ്ങളടക്കം നിറഞ്ഞിരിക്കുകയാണ്. നഗരത്തിലെ മാലിന്യ നീക്കം നിലച്ചതിനാൽ വഴിയരികിലും ഓടകൾക്കു മുകളിലെ സ്ലാബുകളിലും മാലിന്യം കുന്നുകൂടിയിരിക്കുകയാണ്. മഴപെയ്യുന്നതോടെ ഈ മാലിന്യവും ഓടയിലേക്ക് ഒലിച്ചിറങ്ങി ഓടകളടയുകയും മഴവെള്ളം ഓടയിലേക്ക് ഒഴുകാതെ നഗരത്തിലെ വ്യാപാരസ്ഥാപനങ്ങളിലേക്ക് കയറുകയും, നഗരം വെള്ളക്കെട്ടിലാവുകയും ചെയ്യും. ഇതിന്റെയെല്ലാം ഉത്തരവാദിത്തം നഗരത്തിലെ ഹോട്ടലുടമകൾ ഏറ്റെടുക്കേണ്ടായും വരും. ആയതിനാൽ അടിയന്തിരമായി ഓടകൾ ശുചീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൊച്ചി കോർപ്പറേഷൻ ആരംഭിക്കണമെന്ന് ജില്ലാപ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാസെക്രട്ടറി കെ. ടി. റഹീമും ആവശ്യപ്പെട്ടു.

## തേക്ക് സ്റ്റമ്പ് വിൽപ്പനയ്ക്ക്

**കൊച്ചി:**2023 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് തേക്ക് സ്റ്റമ്പ് വിൽപ്പനയ്ക്കായി ഇടപ്പള്ളി മണിമല റോഡിലുള്ള എറണാകുളം സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സ് കോമ്പൗിൽ നിന്നും ലഭ്യമാണ്. തേക്ക് സ്റ്റമ്പ് ഒന്നിന് 15 രൂപ നിരക്കിൽ ലഭ്യമാകും. ആവശ്യക്കാർ ഇനി പറയുന്ന നമ്പറുകളിൽ ബന്ധപ്പെടണം. ഫോൺ 8547603736, 8547603737.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:**എറണാകുളം മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് റഫ്രിജേറ്റർ(ഡബിൾ ഡോർ340 ലിറ്റർ) വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 2 ഉച്ചയ്ക്ക് 2 വരെ. ഫോൺ: 0484 2754000

## സ്ഥാവര വസ്തു വിൽപ്പനയ്ക്ക്

**കൊച്ചി:**വാറ് കക്ഷിയിൽ നിന്ന് ജപ്തി ചെയ്ത സ്ഥലം വിൽപ്പനയ്ക്ക്. കാലടി മേക്കാടി ജംഗ്ഷനിൽ നിന്ന് 120 മീറ്റർ വടക്കുമാറി കിഴക്കോട്ട് പോകുന്ന പഞ്ചായത്ത് റോഡിൽ വടക്കുവശത്ത് സ്ഥിതി ചെയ്യുന്ന റീസർവെ 282/8ൽ പ്പെട്ട 10.60 ആർ വസ്തു(പുരയിടം)വിന്റെ അഞ്ചിലൊന്ന് ഭാഗം ജൂൺ 29ന് രാവിലെ 11.30ന് ലേലം ചെയ്യും. ആലുവ തഹസിൽദാറോ തഹസിൽദാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ കാലടി വില്ലേജ് ഓഫീസിലാകും പരസ്യലേലത്തിലൂടെ വിൽപന നടത്തുന്നത്. ഫോൺ: 0484 2624052.

## സൗജന്യ കമ്പ്യൂട്ടർ പരിശീലനം

**കൊച്ചി:** പട്ടികജാതി/വർഗ്ഗക്കാരായ യുവതീ യുവാക്കൾക്ക് ഒരു വർഷം ദൈർഘ്യമുള്ള അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സായ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് ബിസിനസ് അക്കൗിംഗ് അസോസിയേറ്റ്സിൽ സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുന്നു. ജൂലായ് 1ന് ആരംഭിക്കുന്ന കോഴ്സിന് 18നും 30 നും ഇടയിൽ പ്രായമുള്ള 12ാം ക്ലാസോ അതിനു മുകളിലോ പാസ്സായവരും വാർഷിക വരുമാനം മൂന്നുലക്ഷത്തിൽ കവിയാത്തവരുമായവർക്ക് ചേരാം. പ്രതിമാസം 1000 രൂപ സ്റ്റൈപ്പന്റും മറ്റു പഠനസാമഗ്രികളും സൗജന്യമായി നൽകും. കലൂരിലെ റിസർവ്വ് ബാങ്കിനു സമീപമുള്ള എം.ഇ.എസ് കൾച്ചറൽ കോംപ്ലക്സിന്റെ 3ാം നിലയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ നോളേഡ്ജ് സെന്ററിൽ ആണ് കോഴ്സ് നടത്തുന്നത്.താൽപര്യമുള്ളവർ ജൂൺ 24ന് മുൻപ് താഴെ പറയുന്ന രേഖകളുടെ കോപ്പി സഹിതം കെൽട്രോൺ സെന്ററിൽ നേരിട്ട് ഹാജരാകാണം.1) എസ് എസ്എൽഡി, 2) പ്ലസ് ടു, 3) വരുമാന സർട്ടിഫിക്കറ്റ്, 4) ജാതി സർട്ടിഫിക്കറ്റ്, 5) ആധാർ കാർഡ്, 6) എംപ്ലോയ്മെന്റ് കാർഡ്, 7) ര് പാസ്പോർട്ട് സൈസ് ഫോട്ടോ, 8) ബാങ്ക് പാസ്സ്ബുക്ക്. കൂടുതൽ വിവരങ്ങൾക്ക്: 0484 2971400/8590605259

# ആടിയും പാടിയും കുരുന്നുകൾ വിദ്യാലങ്ങളിലേക്ക്



**കൊച്ചി:**വർണ്ണ കടലാസിൽ ഉണ്ടാക്കിയ തൊപ്പിയണിഞ്ഞു മാതാപിതാക്കളുടെ കൈപിടിച്ച് കൗതുകത്തോടെയാണ് കുരുന്നുകൾ എറണാകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ എത്തിയത്. വിദ്യാലയത്തിലേക്ക് ആദ്യമായി എത്തിയ കുഞ്ഞുങ്ങളെയും രണ്ടുമാസത്തെ മധ്യവേനൽ അവധി കഴിഞ്ഞ് എത്തിയവരെയും സ്വീകരിക്കാൻ വർണ്ണാഭമായാണ് സ്കൂൾ അന്തരീക്ഷം ഒരുങ്ങിയത്. ചെണ്ടമേളം അകമ്പടിയും ഒരുക്കിയിരുന്നു. വിദ്യാലയം മുഴുവൻ വർണ്ണക്കടലാസുകൾ കൊണ്ടുണ്ടാക്കിയ പൂക്കളും കുരുത്തോലകളും കൊണ്ട് മനോഹരമായിരുന്നു. ഒപ്പം കുരുന്നുകളെ സ്വീകരിക്കാൻ പൂച്ചയുടെയും കരടിയുടെയും തത്തമ്മയുടെയും വേഷമണിഞ്ഞ് കൂട്ടുകാരും.മഴ മാറി നിന്ന തെളിഞ്ഞ അന്തരീക്ഷം പ്രവേശനോത്സവം കൂടുതൽ മനോഹരമാക്കി. ജില്ലാതല പ്രവേശനോത്സവം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ മേയർ അഡ്വ.എം അനിൽകുമാർ നിർവഹിച്ചു. നല്ല കെട്ടിടങ്ങൾ, ടോയ്ലറ്റുകൾ ഉൾപ്പെടെ സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് മേയർ പറഞ്ഞു.മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ സംസ്കരണാവബോധം കുട്ടികളിൽ തന്നെ ആരംഭിക്കണം. എങ്ങനെയാണ് മാലിന്യം സംസ്കരിക്കേണ്ടത്, ശേഖരിക്കേണ്ടത് എന്നതിനെ കുറിച്ചെല്ലാം കുട്ടികൾക്കും അറിവ് ഉണ്ടാകണം. പൊതു ശുചിത്വാവബോധം നമ്മുടെ നാട്ടിൽ വളരേണ്ടത് അത്യാവശ്യമാണ്. അതിനാൽ മാലിന്യ സംസ്കരണം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കണമെന്നും മേയർ പറഞ്ഞു.ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് പ്രവർത്തന പദ്ധതി പ്രഖ്യാപനവും മേയർ നിർവഹിച്ചു. കുട്ടികൾക്ക് പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു.പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ക്യാമ്പയിൻ വളരെയധികം ഫലപ്രദമായതിന്റെ ഫലമാണ് കൂടുതൽ വിദ്യാർത്ഥികൾ സർക്കാർ വിദ്യാലയങ്ങളിലേക്ക് വരുന്നതെന്ന് ലഹരി വിരുദ്ധ ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു ഹൈബി ഈഡൻ എംപി പറഞ്ഞു. ചടങ്ങിൽ കുട്ടികൾക്ക് ലഹരി വിരുദ്ധ പ്രതിജ്ഞയും എം.പി ചൊല്ലികൊടുത്തു.പൊതു വിദ്യാഭ്യാസരംഗം മാറ്റത്തിന്റെ പാതയിലാണെന്ന് അധ്യക്ഷത വഹിച്ച ടി.ജെ വിനോദ് എംഎൽഎ പറഞ്ഞു. ജല തരംഗം എന്ന പേരിൽ ജില്ലയിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലെയും കുട്ടികൾക്ക് നീന്തൽ പരിശീലന പരിപാടി സംഘടിപ്പിക്കുമെന്ന് പഠനോപകരണ വിതരണോദ്ഘാടനം നിർവഹിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. മാലിന്യമുക്ത കേരളം എന്ന ആശയം സ്കൂൾതലത്തിൽ നിന്നുതന്നെ ആരംഭിക്കുകയാണ്. ഇതിന്റെ ഭാഗമായി ജൈവ,അജൈവമാലിന്യങ്ങൾ കൃത്യമായി തരംതിരിക്കുന്നതിനുള്ള പരിപാടി എല്ലാ സർക്കാർ വിദ്യാലയങ്ങളിലും ആരംഭിക്കും. എല്ലാ വിദ്യാലയങ്ങളിലും ഈ അധ്യായന വർഷം മുഴുവൻ ക്യാമ്പയിൻ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.സമഗ്ര ശിക്ഷ കേരള ഡിപിസി ബിനോയ് കെ ജോസഫ് പ്രവേശനോത്സവം സന്ദേശം നൽകി. ജില്ല വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, വിദ്യാഭ്യാസ ഉപ ഡയറക്ടർ ഹണി ജി അലക്സാണ്ടർ, കൊച്ചി കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി.എ ശ്രീജിത്ത്, കൗൺസിലർ പത്മജ മേനോൻ, വിദ്യാഭ്യാസ റീജയണൽ ഡെപ്യൂട്ടി ഡയറക്ടർ അബ്ദുൽ കരീം, അസിസ്റ്റന്റ് ഡയറക്ടർ ലിസി ജോസഫ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.എസ് ശ്രീദാസ്, ഡയറ്റ് പ്രിൻസിപ്പൽ ഇൻ ചാർജ് കെ.എസ് ദീപ, വിദ്യാകിരണം കോ ഓഡിനേറ്റർ ഡാൽമിയ തങ്കപ്പൻ, കൈറ്റ് കോഓഡിനേറ്റർ സ്വപ്ന ജെ നായർ, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ ടി.സതീഷ് കുമാർ, സമഗ്ര ശിക്ഷ കേരള ഡിപിഒ മെർലിൻ ജോർജ്, ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ മിനി റാം, ഹെഡ്മിസ്ട്രസ് ലതിക പണിക്കർ, യുപി വിഭാഗം ഹെഡ്മിസ്ട്രസ് കെ.ജയ, എൽപി വിഭാഗം ഹെഡ്മിസ്ട്രസ് സി.ജെ സാബു ജേക്കബ്, ഗവൺമെന്റ് മോഡൽ നഴ്സറി സ്കൂൾ ഹെഡ്മിസ്ട്രസ് ടി.എ ആൻസി, പ്രോഗ്രാം കൺവീനർ പി.എ നിഷാദ് ബാബു, പിടിഎ ഭാരവാഹികൾ, ജനപ്രതിനിധികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## നിർമ്മാണ മേഖലയിലെ കയറ്റിറകൂലി പുതുക്കി നിശ്ചയിച്ചു

**കൊച്ചി:**ജില്ലയിൽ നിർമ്മാണ മേഖലയിലെ കയറ്റിറക്ക് കൂലി പുതുക്കി നിശ്ചയിച്ചു. ജില്ല ലേബർ ഓഫീസർ വി.കെ. നവാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് കൂലി പുതുക്കി നിശ്ചയിച്ചത്. ജൂൺ ഒന്ന് മുതൽ പുതുക്കിയ നിരക്കുകൾ പ്രാബല്യത്തിൽ വന്നു. രണ്ട് വർഷമാണ് കരാറിന്റെ കാലാവധി. യോഗത്തിൽ തൊഴിൽ തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് തർക്ക പരിഹാര കമ്മിറ്റിയും രൂപീകരിച്ചു. തൊഴിലാളിസംഘടനകളെ പ്രതിനിധാനം ചെയ്ത് കെ.എം അഷ്റഫ്, പി.എസ് സതീഷ്, പി.ആർ സൈമൺ, സി.വി ശശി, പി.പി അലിയാർ, ഇ.എ അഷ്റഫ്, പി.കെ കുഞ്ഞഹമ്മദ്, അരുൺ ഗോപി, വി.കെ അനിൽകുമാർ, പി.എം ലത്തീഫ് എന്നിവരും തൊഴിലുടമകളെ പ്രതിനിധീകരിച്ച് ബി. ചന്ദ്ര മോഹൻ, എസ്. സുനിൽകുമാർ, ടി. മിജുലാൽ, സി.പി നാസർ, ലീസൺ പൗലോസ്, പി.ഐ ബുഹാരി, വി.വി തങ്കച്ചൻ, കെ.യു അലിയാർ, ജിതിൻ സുധാകൃഷ്ണൻ, കെ.എസ് അനിൽ കുമാർ, വി.ജി ജോസ് എന്നിവരും പങ്കെടുത്തു.

# ഇൻഡെൽമണി ആയിരം രൂപ മുഖവിലയുള്ള 50 കോടിയുടെ കടപ്പത്രം ഇറക്കുന്നു

**കൊച്ചി:**മുൻനിര ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ ഇൻഡെൽമണി ആയിരം രൂപ വീതം മുഖവിലയുള്ള 50 കോടി രൂപയുടെ കടപ്പത്രം ഇറക്കുന്നു. മാറ്റാൻ കഴിയാത്ത, തികച്ചും സുരക്ഷിതമായ കടപ്പത്രങ്ങളാണ് (എൻസിഡി) മൂന്നാമത് ഐപിഒ യിലൂടെ ഇൻഡെൽമണി പുറത്തിറക്കുന്നതെന്ന് ഇൻഡെൽമണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു.ജൂൺ ആറു മുതലാണ് വിതരണം തുടങ്ങുക. ജൂൺ 19 ന് അവസാനിക്കും. ഇതിനിടെ പൂർണ്ണമായി വിൽപന നടന്നാൽ നിശ്ചിത സമയത്തിനു മുമ്പു തന്നെ വിതരണം നിർത്തുന്നതിനു വ്യവസ്ഥയുണ്ട്. നിക്ഷേപകരുടെ താൽപര്യം കൂടുതലാണെങ്കിൽ 100 കോടി രൂപ വരെയുള്ള കടപ്പത്രങ്ങൾ ഇറക്കും. വിവോ ഫിനാൻഷ്യൽ സർവീസസാണ് ഇതു സംബന്ധിച്ച ജോലികൾക്ക് കാർമ്മികത്വം വഹിക്കുക. മത്സര ക്ഷമത പരമാവധി ഉപയോഗിച്ച്, സ്വർണ വായ്പാ വ്യവസായരംഗത്ത് സാന്നിധ്യം വർധിപ്പിക്കുക എന്ന നയമാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഉമേഷ് മോഹനൻ പറഞ്ഞു. പുതിയ ശാഖകൾ തുറന്ന് വായ്പാ സംവിധാനം വികസിപ്പിച്ച് വളർച്ചയുടെ പുതിയ മേഖലകൾ തേടും. വർധിച്ച വരുമാനം, ലാഭം, കൂടിയ തോതിലുള്ള സാന്നിധ്യം എന്നിവയാണ് ശാഖാ ശൃംഖലയെ മുന്നോട്ടു നയിക്കുക. പുതിയ കടപ്പത്രങ്ങളിലൂടെ പണമൊഴുക്ക് ശക്തമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.പുതുതായി ഇറക്കുന്ന എൻസിഡി കടപ്പത്രങ്ങൾക്ക് ട്രിപ്പിൾ ബി പ്ളസ് സ്റ്റേബിൾ ക്രിസിൽ റേറ്റിംഗ് ഉണ്ട്. 72 മാസം കൊണ്ട് നിക്ഷേപം ഇരട്ടിയായി വർധിക്കും. പ്രതിവർഷം 12.25 ശതമാനം കൂപ്പൺ യീൽഡും ലഭ്യമായിരിക്കും. 400 ദിവസം മുതൽ 72 മാസം വരെയാണ് കടപ്പത്രങ്ങളുടെ കാലാവധി. എൻസിഡികൾക്കായി കുറഞ്ഞത് 10,000 രൂപയുടെയെങ്കിലും അപേക്ഷ നൽകണം. ഡീമെറ്റീരിയലൈസ്ഡ് രൂപത്തിൽ ട്രേഡിംഗ് നടത്തുന്ന ഈ എൻസിഡികൾ മുംബൈ സ്റ്റോക് എക്സ്ചേഞ്ചിൽ ലിസ്റ്റു ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. പബ്ളിക് ഇഷ്യൂവിലൂടെ സ്വരൂപിക്കുന്ന പണത്തിന്റെ 75 ശതമാനം തുടർന്നുള്ള വായ്പകൾക്കും കമ്പനി വായ്പകളുടെ മുതലിലേക്കും പലിശയിലേക്കും ബാക്കിയുള്ള 25 ശതമാനം പൊതു കോർപറേറ്റ് ആവശ്യങ്ങൾക്കുമാണുപയോഗിക്കുകയെന്നും അദ്ദേഹം പറഞ്ഞു.2023 സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ 1154 കോടി രൂപയുടെ സ്വർണ ആസ്തിയാണ് ഇൻഡെൽ കൈകാര്യം ചെയ്തത്. 2022 സാമ്പത്തിക വർഷം ഇത് 669 കോടി രൂപയായിരുന്നു. നടപ്പു വർഷം 81 ശതമാനം വളർച്ചയോടെ 2100 കോടി രൂപയാണ് കമ്പനിയുടെ ലക്ഷ്യം. കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തിയുടെ 90 ശതമാനം സ്വർണ വായ്പ ആക്കാനാണ് ശ്രമിക്കുന്നത്. 2022 ഡിസമ്പർ 31 ലെ കണക്കുകളനുസരിച്ച് ഇത് 80.62 ശതമാനമായിരുന്നു.ഇൻഡെൽമണിയുടെ 100 കോടി രൂപയുടെ രണ്ടാമത്തെ ഐപിഒ ഇഷ്യു 2022 മെയ് മാസത്തിലായിരുന്നു. 2024 സാമ്പത്തിക വർഷം കടപ്പത്രങ്ങളിലൂടെ 300 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. സ്വർണ വായ്പകൾക്കാണ് ഈ പണം ഉപയോഗിക്കുക. 202324 സാമ്പത്തിക വർഷം സ്വകാര്യ ഓഹരികൾ (പിഇ) സംഭരിക്കാനും പദ്ധതിയുണ്ട്. 2025 സാമ്പത്തിക വർഷത്തോടെ 11 ഇന്ത്യൻ സംസ്ഥാനങ്ങളിലായി 405 ശാഖകളാണ് കമ്പനിയുടെ ലക്ഷ്യമെന്നും ഉമേഷ് മോഹനൻ പറഞ്ഞു.

# 'ലൗലി' തൊടുപുഴയിൽ




**കൊച്ചി:** മാത്യു തോമസ്, മനോജ് കെ ജയൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ദിലീഷ് കരുണാകരൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'ലൗലി ' എന്ന ചിത്രത്തിന്റെ ചിത്രീകരണം തൊടുപുഴയിൽ ആരംഭിച്ചു.അപ്പൻ ഫെയിം രാധിക, സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ ഫെയിം അശ്വതി മനോഹരൻ,ആഷ്‌ലി,അരുൺ, പ്രശാന്ത് മുരളി,ഗംഗ മീര,കെ പി ഏ സി ലീല തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.നേനി എന്റർടൈൻമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹകരണത്തോടെ വെസ്റ്റേൺ ഗട്ട്സ് പ്രൊഡക്ഷൻസിന്റെ ബാനറിൽ ശരണ്യ സി നായർ,ഡോക്ടർ അമർ രാമചന്ദ്രൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ആഷിഖ് അബു നിർവ്വഹിക്കുന്നു.വിനായക് ശശികുമാർ എഴുതിയ വരികൾക്ക് വിഷ്ണു വിജയ് സംഗീതം പകരുന്നു.എഡിറ്റർകിരൺ ദാസ്.കോ പ്രൊഡ്യൂസർപ്രമോദ് ജി ഗോപാൽ.പ്രൊഡക്ഷൻ കൺട്രോളർകിഷോർ പുറക്കാട്ടിരി,പ്രൊഡക്ഷൻ ഡിസൈനർ ജ്യോതിഷ് ശങ്കർ,മേക്കപ്പ് റോണക്സ് സേവ്യർ,കോസ്റ്റ്യൂം ഡിസൈനർദീപ്തി അനുരാഗ്,ആർട്ട് ഡയറക്ടർ കൃപേഷ് അയ്യപ്പൻകുട്ടി,ചീഫ് അസോസ്സിയേറ്റ് ഡയറക്ടർ ഹരീഷ് തെക്കേപ്പാട്ട്, അസോസിയേറ്റ് ഡയറക്ടർ സന്ദീപ്, അസിസ്റ്റന്റ് ഡയറക്ടർഅലൻ,ആൽബിൻ,സൂരജ്,ബേയ്സിൽ,ജെഫിൻ,ഫിനാൻസ് കൺട്രോളർജോബീഷ് ആന്റണി,വിഷ്വൽ എഫക്റ്റ്സ് വിടിഎഫ് സ്റ്റുഡിയോ, സൗണ്ട് ഡിസൈൻനിക്സൻ ജോർജ്ജ്,പരസ്യക്കല യെല്ലോ ടൂത്ത്സ്,സ്റ്റിൽസ് ആർ റോഷൻ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ബിജു കടവൂർ, പ്രൊഡക്ഷൻ മാനേജർവിമൽ വിജയ്,വിതരണംഒപിഎം സിനിമാസ്,പി ആർ ഒ എ എസ് ദിനേശ്.

# ഐപിഎൽ; പുതിയ റെക്കോഡുമായി ജിയോസിനിമ

**കൊച്ചി:** ജിയോസിനിമ വഴി തത്സമയ സംപ്രേക്ഷണം ചെയ്ത ടാറ്റ ഐപിഎൽ 2023 ഫൈനൽ മത്സരം, ആഗോളതലത്തിൽ ഏറ്റവുമധികം ആളുകൾ കണ്ട ഡിജിറ്റൽ ഇവന്റായി മാറി പുതിയ റെക്കോർഡ് സൃഷ്ടിച്ചു. ടാറ്റ ഐപിഎൽ 2023ന്റെ ഔദ്യോഗിക ഡിജിറ്റൽ സ്ട്രീമിംഗ് പങ്കാളിയായ ജിയോസിനിമയിൽ 12 കോടിയിലിലധികം കാഴ്ചക്കാരാണ് ജിയോസിനിമയിലൂടെ ഫൈനൽ മത്സരം കണ്ടതെന്ന് ജിയോ അധികൃതർ വ്യക്തമാക്കി. 1700 കോടി വീഡിയോ വ്യൂവർഷിപ്പാണ് ഐപിഎൽ പതിനാറാം സീസണിൽ ജിയോസിനിമ നേടിയത്.12 ഭാഷകളിലായി ഒരേസമയം 17 ഫീഡുകളും 4കെ മൾട്ടി ക്യാം കാഴ്ചകളും 360ഡിഗ്രി കാഴ്ചയും ഉൾപ്പെടെ മികച്ച അനുഭവം സമ്മാനിച്ചാണ് ജിയോസിനിമ റെക്കോർഡ് തകർത്തത്. ഒരു മത്സരത്തിന് ഓരോ കാഴ്ചക്കാരനും ചെലവഴിക്കുന്ന ശരാശരി സമയം 60 മിനിറ്റിലധികം വർധിക്കുകയും ചെയ്തു. 2.5 കോടിക്ക് മുകളിൽ പുതിയ ഡൗൺലോഡുകളുമായി ഒരു ദിവസം ഏറ്റവും കൂടുതൽ ഇൻസ്റ്റാൾ ചെയ്ത ആപ്പ് എന്ന റെക്കോർഡും ജിയോസിനിമ നേടി. ആദ്യ നാല് ആഴ്ചകളിലെ മികച്ച പ്രതികരണത്തിന് ശേഷം, ആരാധകർക്കായി ജിയോസിനിമ 360ഡിഗ്രി വ്യൂവിംഗ് ഫീച്ചറും പുറത്തിറക്കി. 30 നഗരങ്ങളിലായി സ്ഥാപിച്ച ഫാൻ പാർക്കുകളിലൂടെയും ജിയോസിനിമ ഐപിഎൽ കാഴ്ച വേറിട്ട അനുഭവമാക്കി. ജിയോസിനിമ കാഴ്ചക്കാർക്കായുള്ള ജിതോ ധൻ ധനാ ധൻ മത്സരത്തിലൂടെ കാർ ഉൾപ്പെടെയുള്ള നിരവധി സമ്മാനങ്ങളും ജിയോസിനിമ നൽകിയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. ജിയോസിനിമയിൽ പ്രദർശിപ്പിക്കുന്ന പരസ്യദാതാക്കളുടെ എണ്ണവും ഒരു പുതിയ റെക്കോർഡാണ്, ഇതിൽ നിന്നുള്ള വരുമാനവും കഴിഞ്ഞ വർഷത്തേക്കാൾ വളരെ കൂടുതലാണ്. ജിയോസിനിമക്ക് ടാറ്റ ഐ പി എൽ 2023ന്റെ ഡിജിറ്റൽ സ്ട്രീമിംഗിനായി പങ്കാളിത്തമുള്ള 26 മുൻനിര ബ്രാൻഡുകളുണ്ട്.

# പി ഐ സി യു സൂപ്പർ ഹീറോസ്



**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റി യിലെ പീഡിയാട്രിക് ഇന്റന്സീവ് കെയർ യൂണിറ്റ് കുട്ടികൾക്കായ് നടത്തിയ പരിപാടി ശ്രദ്ധേയമായി. അതീവ സങ്കീർണ അവസ്ഥയിൽ നിന്നും ജീവിതത്തിലേക്ക് തിരിച്ചെത്തിയ കുട്ടികൾക്കായ് ലൈവ് ക്യാരിക്കേച്ചർ, മാജിക് ഷോ, ഫോട്ടോ ബൂത്ത്, കുട്ടികളെ രസിപ്പിക്കുവാൻ മിക്കി മൗസ് കാർട്ടൂൺ കഥാപാത്രം എന്നിവ ഒരുക്കിയിരുന്നു. 25 ഓളം കുട്ടികളും മാതാപിതാക്കളും പങ്കെടുത്ത ചടങ്ങിൽ കലാപരിപാടികളും അരങ്ങേറി. കുട്ടികൾക്കായ് സ്കൂൾ ബാഗ്, നെയിം സ്ലിപ് അടക്കമുള്ള സമ്മാനങ്ങൾ കൈമാറി.

# ഇന്റർനാഷനൽ റോമിങ് പ്ലാനുമായി എയർടെൽ

**കൊച്ചി:** വിദേശയാത്രകൾ വർധിച്ചതോടെ ടെലികോം സേവന ദാതാക്കളായ ഭാരതി എയർടെലിന്റെ ഇന്റർനാഷനൽ റോമിങ് പാക്കുകളുടെ വിൽപ്പന വർധിച്ചു. കണക്റ്റിവിറ്റി വേഗത്തിലും ആകർഷകവുമാക്കാൻ എയർടെൽ ഇന്റർനാഷനൽ റോമിങ് പ്ലാനുകൾ പരിഷ്കരിച്ചിട്ടുണ്ട്. പ്രതിദിന ചെലവ് 133 എന്ന ഏറ്റവും കുറഞ്ഞ നിരക്കിലാണ് പുതിയ പ്ലാൻ തുടങ്ങുന്നതെന്ന് ഭാരതി എയർടെൽ കേരള സിഒഒ അമിത് ഗുപ്ത പറഞ്ഞു.ഇന്ത്യയിൽ നിന്ന് കൂടുതൽ യാത്രക്കാർ യുഎസിലേക്കും യുകെയിലേക്കുമാണെങ്കിലും എയർടെൽ നെറ്റ് വർക്ക് ഉപയോഗിക്കുന്ന കേരളത്തിൽ നിന്നുള്ള യാത്രക്കാർ കൂടുതലും പോകുന്നത് യുഎഇ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലേക്കാണ്. വിദേശ യാത്രകളിൽ വിശ്വസിക്കാവുന്ന കണക്ടിവിറ്റി അനിവാര്യമാണ്. എയർടെലിന്റെ റോമിങ് പ്ലാനുകൾ ചെലവ് കുറഞ്ഞതും, സിം അല്ലെങ്കിൽ നമ്പർ മാറ്റേണ്ട ആവശ്യം വരാത്ത രീതിയിൽ ഉപഭോക്താക്കളെ എല്ലായ്പോയും കണക്റ്റഡ് ആകാൻ സഹായിക്കുന്നതുമാണെന്നും അമിത് ഗുപ്ത പറഞ്ഞു.

# മെയ് മാസത്തിൽ 4631 വാഹനങ്ങൾ വിറ്റഴിച്ച് നിസ്സാൻ

**കൊച്ചി:** മെയ് മാസത്തിൽ നിസാൻ മോട്ടോർ ഇന്ത്യ 4631 വാഹനങ്ങളുടെ വിൽപ്പന നടത്തി. ആഭ്യന്തര മൊത്തവ്യാപാരം 2618 യൂണിറ്റുകളും 2013 യൂണിറ്റുകളുടെ കയറ്റുമതി വ്യാപാരവുമാണ് മെയ് മാസത്തിൽ രേഖപ്പെടുത്തിയത്. മുൻ വർഷത്തേ ഇതേ കാലയളവിനെ അപേക്ഷിച്ച് ആഭ്യന്തര വിൽപ്പനയിൽ 23 ശതമാനം വളർച്ചയാണ് രേഖപെടുത്തിയത്.23 ശതമാനം വളർച്ച കൈവരിക്കാനായത് നിസാൻ മാഗ്നൈറ്റിനു ലഭിക്കുന്ന ശക്തമായ പിന്തുണയുടെ സാക്ഷ്യമാണെന്നു നിസ്സാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവ പറഞ്ഞു. നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ കൂടി അവതരിപ്പിച്ചതോടെ മാഗ്നൈറ്റ് ബ്രാൻഡിന് കൂടുതൽ പ്രചാരമേറിയെന്നും രാകേഷ് ശ്രീവാസ്തവ പറഞ്ഞു.പുതിയ ഫീച്ചറുകളോട് കൂടി നിസ്സാൻ മാഗ്നൈറ്റ് ഗെസ്സ സ്പെഷ്യൽ എഡിഷൻ മെയ് മാസത്തിൽ പുറത്തിറക്കിയിരുന്നു.

# 9 ലക്ഷം വിൽപ്പന; നാഴികക്കല്ല് കൈവരിച്ച് റെനോ ഇന്ത്യ

**ന്യൂ ഡൽഹി:** ഇന്ത്യയിലെ മുൻനിര യൂറോപ്യൻ ബ്രാൻഡായ റെനോ, രാജ്യത്ത് 900,000 വാഹനങ്ങളുടെ വിൽപ്പന കൈവരിച്ചു. ഈ നേട്ടം കൈവരിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞതും വേഗതയേറിയതുമായ കാർ നിർമ്മാതാക്കളിൽ ഒന്നാണ് റെനോ ഇന്ത്യയെന്ന് റനോ ഇന്ത്യ ഓപ്പറേഷൻസ് സിഇഒയും മാനേജിംഗ് ഡയറക്ടറുമായ വെങ്കട്ടറാം മാമില്ലപ്പള്ളി പറഞ്ഞു. റെനോയുടെ ഇന്ത്യയിലെ മുൻനിര ഉൽപ്പന്ന നിരയിൽ കൈഗർ, ട്രൈബർ, ക്വിഡ് എന്നിവ ഉൾപ്പെടുന്നു.നൂതന ഉൽപ്പന്ന പോർട്ട്ഫോളിയോ, ഉപഭോക്തൃ സംതൃപ്തി, നെറ്റ്വർക്ക് വിപുലീകരണം, ഗ്രാമീണ കേന്ദ്രീകൃത തന്ത്രം, പയനിയറിംഗ് മാർക്കറ്റിംഗ് സംരംഭങ്ങൾ എന്നിവ വാഗ്ദാനം ചെയ്തുകൊണ്ടാണ് റെനോ ഇന്ത്യ ഈ സുപ്രധാന നാഴികക്കല്ല് കൈവരിച്ചത്.കഴിഞ്ഞ 11 വർഷമായി റെനോ ഇന്ത്യ തുടർച്ചയായി പരിധികൾ ഉയർത്തുകയും നൂതനവും മെച്ചപ്പെടുത്തിയതുമായ സുരക്ഷാ ഫീച്ചറുകൾ അവതരിപ്പിക്കുകയും ചെയ്തു. കമ്പനിയുടെ വൈവിധ്യമാർന്ന ഉൽപ്പന്ന പോർട്ട്ഫോളിയോ രാജ്യത്തെ ഉപഭോക്താക്കളുടെ വ്യത്യസ്ത ആവശ്യങ്ങളും മുൻഗണനകളും നിറവേറ്റുന്നു. അസാധാരണമായ ഉൽപ്പന്ന ശ്രേണി വാഗ്ദാനം ചെയ്യുന്നതിനൊപ്പം, ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത ഉടമസ്ഥാവകാശ അനുഭവം ഉറപ്പാക്കിക്കൊണ്ട്, രാജ്യത്തുടനീളമുള്ള ഡീലർഷിപ്പുകളുമായി റെനോ ഇന്ത്യയും ശക്തമായ പങ്കാളിത്തം വളർത്തിയിട്ടുണ്ട്. 450ലധികം വിൽപ്പനകളും 530 സേവന ടച്ച് പോയിന്റുകളുമുള്ള കമ്പനിയുടെ സമർപ്പിത ശൃംഖല ഓരോ ഉപഭോക്താവിനും പിന്തുണയും വ്യക്തിഗതമാക്കിയ സേവനവും നൽകുന്നതിൽ നിർണായക പങ്ക് വഹിച്ചുവെന്നും വെങ്കട്ടറാം മാമില്ലപ്പള്ളി പറഞ്ഞു.ഉപഭോക്താക്കൾ, ഡീലർ പങ്കാളികൾ, വിതരണക്കാർ, ജീവനക്കാരുടെ ടീം, എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾ എന്നിവരിൽ നിന്നുള്ള അചഞ്ചലമായ പിന്തുണയും ബ്രാൻഡിലുള്ള വിശ്വാസവുമാണ് ഈ നേട്ടം സാധ്യമാക്കിയത്.



ഈ ശ്രദ്ധേയമായ നേട്ടത്തിന് സംഭാവന നൽകിയ എല്ലാവർക്കുംതങ്ങൾ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. ഇന്ത്യൻ ഗവൺമെന്റിന്റെ 'മേക്ക് ഇൻ ഇന്ത്യ' വീക്ഷണത്തോടുള്ള കമ്പനിയുടെ പ്രതിബദ്ധത അചഞ്ചലമാണ്,വരാനിരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് 90% പ്രാദേശികവൽക്കരണം നേടാനാണ് റെനോ ലക്ഷ്യമിടുന്നത്.ഇന്ത്യ റെനോയുടെ മികച്ച 5 വിപണികളിൽ ഒന്നാണ്, രാജ്യത്തിനായി തങ്ങൾക്ക് വ്യക്തമായ ദീർഘകാല തന്ത്രം മനസ്സിലുണ്ട്. ഭാവിയിലെ ഉൽപ്പന്നങ്ങളിൽ പ്രാദേശികവൽക്കരണത്തിന് ഊന്നൽ നൽകിക്കൊണ്ട് തങ്ങൾ ഇന്ത്യയ്ക്കായി ശക്തമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങളും മുൻഗണനകളും നിറവേറ്റുന്നതിനായി ഉൽപ്പന്നങ്ങളിലും സേവനങ്ങളിലും നിരവധി പുതിയ കണ്ടുപിടിത്തങ്ങൾ കൊണ്ടുവരാൻ റെനോ പദ്ധതിയിടുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പ്രോജക്ട് കോർഡിനേറ്റർ ഒഴിവ്

**കൊച്ചി:**ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസി ഫോർ ഡവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK) വഴി നടപ്പിലാക്കുന്ന 'Development of Vannamei Shrimp farming' പദ്ധതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കുന്നതിനായി പ്രോജക്ട് കോർഡിനേറ്റർമാരെ ഒരു വർഷ കാലയളവിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. ഇതേ തസ്തികയിലേക്ക് 2023 മാർച്ച് 16 ശേഷം അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതില്ല. കളഅഞ്ഞ അംഗീകൃത സർവകലാശാലയിലെ ആഎടര ഡിഗ്രിയോ അക്വാകൾച്ചർ വിഷത്തിലെ ബിരുദാനന്തര ബിരുദമോ നേടിയവരും ചെമ്മീൻ കൃഷിയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയവും ഉള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം യാത്ര ചെലവ് ഉൾപ്പെടെയുള്ള പ്രതിഫലമായി 40,000 രൂപ വീതം നൽകുന്നതാണ്. അപേക്ഷ സ്വയം സാക്ഷ്യപ്പെടുത്തിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം തപാൽമാർഗ്ഗമോ നേരിട്ടോ അളഅഗ ഹെഡ് ഓഫീസിൽ ജൂൺ അഞ്ചിനകം ലഭ്യമാക്കണം.അപേക്ഷകൾ അയയ്ക്കേണ്ട വിലാസം: ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK), റ്റി.സി. 29/3126, റീജ, മിൻചിൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം 695014. ഫോൺ: 0471 2322410.

# 'പേട്ട റാപ്', പ്രഭുദേവ , എസ് ജെ സിനു ചിത്രം തുടങ്ങി




**കൊച്ചി:** ബ്ലൂഹിൽ ഫിലിംസിന്റെ ബാനറിൽ ജോബി പി സാം നിർമ്മിച്ച് എസ് ജെ സിനു സംവിധാനം ചെയ്യുന്ന ആദ്യ തമിഴ്ചിത്രത്തിൻറെ പൂജ ചെന്നൈയിൽ നടന്നു. 'പേട്ട റാപ്' എന്നാണ് ചിത്രത്തിൻറെ പേര്. പ്രഭുദേവ നായകനാകുന്ന സിനിമയിൽ വേദികയാണ് നായിക. പ്രണയത്തിനും ആക്ഷനും സംഗീതത്തിനും നൃത്തത്തിനും പ്രാധാന്യം നൽകുന്ന ഒരു കളർഫുൾ എന്റർടെയ്നറായിരിക്കും ഇത്.'പാട്ട്, അടി, ആട്ടം റിപ്പീറ്റ്' എന്നാണ് ചിത്രത്തിൻറെ ടാഗ്ലൈൻ. സിനിമയുടെ യഥാർത്ഥ സ്വഭാവവും ട്രീറ്റ്മെന്റും ഈ ടാഗ്ലൈനിലൂടെ വ്യക്തമാകുന്നു. പോണ്ടിച്ചേരിയും ചെന്നൈയും പ്രധാന ലൊക്കേഷനുകളാകുന്ന പേട്ട റാപ്പിന്റെ ചിത്രീകരണം ജൂൺ പതിനഞ്ചിന് ആരംഭിക്കും. കേരളത്തിലും ഈ സിനിമ ചിത്രീകരിക്കുന്നുണ്ട്.ജിബൂട്ടി, തേര് എന്നീ മലയാളചിത്രങ്ങൾക്ക് ശേഷം തമിഴിൽ എസ് ജെ സിനു ആദ്യചിത്രം ഒരുക്കുമ്പോൾ വിവേക് പ്രസന്ന, ഭഗവതി പെരുമാൾ, രമേഷ് തിലക്, കലാഭവൻ ഷാജോൺ, രാജീവ് പിള്ള, അരുൾദാസ്, മൈം ഗോപി, റിയാസ് ഖാൻ തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ഡിനിൽ പി കെയാണ് പേട്ട റാപ്പിൻറെ തിരക്കഥ. ഛായാഗ്രഹണം ജിത്തു ദാമോദർ. ഡി ഇമാൻ സംഗീതം നൽകുന്ന അഞ്ചിലധികം പാട്ടുകൾ ഈ ചിത്രത്തിൻറെ ഹൈലൈറ്റായിരിക്കും. എ ആർ മോഹനാണ് കലാസംവിധാനം. എഡിറ്റർ സാൻ ലോകേഷ്. ചീഫ് കോ ഡയറക്ടർ ചോഴൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് എം എസ് ആനന്ദ്, ശശികുമാർ എൻ, ഗാനരചന വിവേക, മദൻ കാർക്കി, പ്രോജക്ട് ഡിസൈനർ തുഷാർ എസ്, ക്രിയേറ്റീവ് കോൺട്രിബ്യൂഷൻ സഞ്ജയ് ഗസൽ, വസ്ത്രാലങ്കാരം അരുൺ മനോഹർ, മേക്കപ്പ് അമൽ ചന്ദ്രൻ, സ്റ്റിൽസ് സായ് സന്തോഷ്,വി എഫ് എക്സ് വിപിൻ വിജയൻ, ഡിസൈൻ മനു ഡാവിഞ്ചി, പി ആർ ഒ പ്രതീഷ് ശേഖർ.

